# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജിപി.7/1885/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയതി: 03/12/2024
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആനാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജിപി.7/1885/2024 തീയ്യതി: 03/12/2024

# തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 46 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രതാപ് കുമാർ ആർ | ഡെപ്യൂട്ടി ഡയറക്ടർ | 19-09-2024 | 30-09-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-09-2024 | 30-09-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി പ്രീത എസ്. എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി ശാലിനി വി. കെ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. സജേഷ് ആർ. എസ്, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. അൻവർ രാജ് എം, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി അക്ഷര ബി. എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷൈലജ. എസ്. | പ്രസിഡന്റ് | 01-04-2023 | 05-09-2023 |
| ശ്രീ. അനിൽ കുമാർ (ഇൻചാർജ്ജ്) | പ്രസിഡന്റ് | 06-09-2023 | 28-09-2023 |
| ശ്രീമതി എൻ. ശ്രീകല | പ്രസിഡന്റ് | 29-09-2023 | 31-03-2024 |
| ശ്രീമതി സുനിമോൾ എസ്. | സെക്രട്ടറി | 01-04-2023 | 06-07-2023 |

| | | | |
|---|---|---|---|
| ശ്രീമതി പ്രീത എസ്. നായർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-07-2023 | 18-07-2023 |
| ശ്രീമതി സുനി ബി.റ്റി. | സെക്രട്ടറി | 19-07-2023 | 06-02-2024 |
| ശ്രീമതി പ്രീത എസ്. നായർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-02-2024 | 06-03-2024 |
| ശ്രീമതി സുനി ബി.റ്റി. | സെക്രട്ടറി | 07-03-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഷാരോൺ ബിൻ റഷീദ് | അസി. എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ഡോ. പാർവതി ജി. നായർ | മെഡിക്കൽ ഓഫീസർ, ഫാമിലി ഹെൽത്ത് സെന്റർ | 01-04-2023 | 31-03-2024 |
| ഡോ. ശുഭ എ. പി. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 25-06-2023 |
| ഡോ വിജിത എസ്. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 26-06-2023 | 31-03-2024 |
| ഡോ. ചിത്ര അശോക് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2023 | 30-09-2023 |
| ഡോ. അരുണ എസ്. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-10-2023 | 19-10-2023 |
| ഡോ. സെബ്ബി വി. ജെ. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 20-10-2023 | 31-03-2024 |
| ശ്രീമതി കുമാരി കെ. എൽ. മിനി | ഹെഡ്മിസ്ട്രസ്സ്, ഗവ. എൽ.പി.എസ്, ആനാട് | 01-04-2023 | 31-10-2023 |
| ശ്രീമതി റാണി ചിത്ര എൻ. ആർ. | ഹെഡ്മിസ്ട്രസ്സ്, ഗവ. യു.പി.എസ്, രാമപുരം | 01-11-2023 | 31-03-2024 |
| ശ്രീമതി നീതു കെ ജേക്കബ് | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി ദീപ്തി ബി. എൻ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീ പ്രശാന്ത് എസ്. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2023 | 31-03-2024 |
| ശ്രീ. ജയകുമാർ എസ്. | കൃഷി ഓഫീസർ | 01-04-2023 | 20-05-2023 |
| ശ്രീ. ജിതിൻ വി. വി. | കൃഷി ഓഫീസർ | 21-05-2023 | 31-03-2024 |
| ഡോ. കീർത്തി എ. ജെ. | വെറ്റിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി ഷീബ എൽ. | വി.ഇ.ഒ. സർക്കിൾ I | 01-04-2023 | 18-07-2023 |
| ശ്രീമതി ബിന്ദു എസ്. റ്റി. | വി.ഇ.ഒ. സർക്കിൾ I | 19-07-2023 | 31-03-2024 |
| ശ്രീമതി അശ്വതി എ വിജയൻ | വി.ഇ.ഒ. സർക്കിൾ II | 01-04-2023 | 18-07-2023 |
| ശ്രീ. അരുൺ നിശ്ചി | വി.ഇ.ഒ. സർക്കിൾ II | 19-07-2023 | 21-12-2023 |
| ശ്രീമതി നയന യു. വി. | വി.ഇ.ഒ. സർക്കിൾ II | 22-12-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-3 |
| 5 | വരവിനേക്കൾ കൂടുതൽ ചെലവ് | 1-1-4 |
| 6 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് / ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തി Stock In Hand (Inventories) ൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ വരുത്തുന്നില്ല. | 1-1-7 |
| 9 | കുടിശ്ശിക ചെലവുകൾക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-8 |
| 10 | മുന്നിരിപ്പായും നീക്കിയിരിപ്പായും ഉൾപ്പെടുത്തിയ അക്കൗണ്ടുകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. | 1-1-9 |
| 11 | വസ്തു നികുതി (Residential & Nonresidential) ഡിമാന്റിൽ നിന്നും 4,46,114/- രൂപ ഒഴിവാക്കി. | 1-1-10 |
| 12 | വാർഷിക കണക്കുകളിലെ തുകകളെ സാധുകരിക്കുന്ന വിധത്തിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-11 |
| 13 | രജിസ്റ്ററുകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | ഹെൽത്ത് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പ് തുകകളിൽ അവ്യക്തത. | 1-1-13 |
| 15 | വസ്തു നികുതി സംബന്ധിച്ച വാർഷിക കണക്കുകളിലെ തുകകളും സഞ്ചയപ്രകാരമുള്ള തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-14 |
| 16 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന വിധത്തിൽ അനുബന്ധ രേഖകൾ ഇല്ല. | 1-1-15 |
| 17 | ബജറ്റ് | 1-2 |
| 18 | സാമ്പത്തിക നില | 1-3 |
| 19 | ഗ്രാന്റ് വിനിയോഗം -മറ്റ് അപാകതകൾ | 1-4-1 |
| 20 | ഗ്രാന്റ് വിനിയോഗം | 1-4 |
| 21 | പദ്ധതി ആസൂത്രണം | 1-5 |
| 22 | മരണ ശേഷവും ക്ഷേമപെൻഷൻ അനുവദിച്ചു | 1-6-1 |
| 23 | ക്ഷേമ പെൻഷൻ | 1-6 |
| 24 | പണം നീക്കിയിരിപ്പ് പരിശോധന | 1-7 |
| 25 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 26 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 27 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 28 | സമയബന്ധിതമായി ലേലം ചെയ്യുന്നില്ല | 1-11 |
| 29 | IFTE & OS ലൈസൻസ് - അപാകങ്ങൾ | 1-12 |
| 30 | രസീത് പരിപാലനത്തിലെ അപാകങ്ങൾ | 1-13 |
| 31 | സ്വകാര്യ പ്രാക്ടീസ് നടത്തുന്ന അഭിഭാഷകരും, എഞ്ചിനീയർമാരും, ഡോക്ടർമാരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. | 1-14 |
| 32 | വാടകയ്ക്ക് നൽകിയിരിക്കുന്ന കട മുറികളിൽ നിന്നും കൃത്യമായി വാടക ഈടാക്കുന്നില്ല. | 1-15 |
| 33 | റേഷൻ കടകൾ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. | 1-16 |
| 34 | മോഹൻ ദാസ് എഞ്ചിനീയറിങ്ങ് കോളേജ് തൊഴിൽ നികുതി അടവാക്കുന്നില്ല | 1-17 |

| | | |
|---|---|---|
| 35 | ടേക്ക് എ ബ്രേക്ക് - അവലോകനം | 1-18 |
| 36 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 1,66,250/- രൂപ തടസ്സം ചെയ്യുന്നു. | 1-19 |
| 37 | പ്രോക്യൂർമെന്റ് കമ്മിറ്റി - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-20 |
| 38 | KEL സ്ഥാപിച്ച തെരുവുവിളക്കുകൾ നിശ്ചിത സ്പെസിഫിക്കേഷനിലുള്ളതല്ല - സംയുക്ത പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-21 |
| 39 | സൗജന്യമായി ലഭിച്ച ഭൂമി രജിസ്ട്രേഷൻ നടത്തുന്നതിന് തുക ചെലവഴിച്ചു | 1-22 |
| 40 | തെരുവു നായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ്പ് - ചെലവിൽ അവ്യക്തത | 1-23 |
| 41 | ഡ്രൈവർക്ക് ടി.എ - സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്. | 1-24 |
| 42 | വാട്ടർ അതോറിറ്റി - വെള്ളക്കര കുടിശ്ശിക - വ്യക്തത വരുത്തേണ്ടതാണ്. | 1-25 |
| 43 | B-9 ഷെഡ്യൂൾ പ്രകാരം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകകൾ തിരികെ അടവാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. | 1-26 |
| 44 | സോളാർ വാട്ടർ ഹീറ്റർ വാങ്ങൽ പ്രോജക്ട് - GEM മുഖേന വാങ്ങിയില്ല. | 1-27 |
| 45 | ക്ഷാരസൂത്ര പ്രോജക്ട് - ഉപകരണം ലഭ്യമായിട്ടില്ല – 74,493/- രൂപ ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-28 |
| 46 | പഠനമുറി നിർമ്മാണം ഇതുവരെയും പൂർത്തീകരിച്ചിട്ടില്ല. | 1-29 |
| 47 | അതിദരിദ്രർക്കുള്ള ഭവന നിർമ്മാണം ഇതുവരെയും പൂർത്തീകരിച്ചിട്ടില്ല. | 1-30 |
| 48 | ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല ചെലവ് തുക 5,12,000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. | 1-31 |
| 49 | ഹരിതകർമ്മസേനയുടെ വാഹനം പ്രവർത്തനക്ഷമമല്ലാതെ തുടരുന്നു. | 1-32 |
| 50 | ട്രഷറി ബില്ലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല ചെലവ് തുക 3,47,523/- രൂപ ഓഡിറ്റിൽ തടസ്സംവെയ്ക്കുന്നു | 1-33 |
| 51 | ലൈഫ് ഭവന നിർമ്മാണം ഇതുവരെയും പൂർത്തീകരിച്ചിട്ടില്ല | 1-34 |
| 52 | കുടുംബാരോഗ്യകേന്ദ്രം : അധിക തസ്തികകളിൽ ജീവനക്കാരുടെ നിയമനം നടത്തി ശമ്പളം നൽകുന്നത് സംബന്ധിച്ച്. | 1-35 |
| 53 | മാലിന്യ നിർമ്മാർജ്ജനം- ഹരിതകർമ്മസേനയിലൂടെ- അവലോകനം | 1-36 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ടിന്റെ വിശദാംശം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പാ /വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി വിവരങ്ങൾ | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ്നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ആനാട് ഗ്രാമപഞ്ചായത്തിന്റെ 2024മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 06.07.2024 തീയതിയിലെ 2/1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 19.07.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ആനാട് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

ILGMS ൽ അടിസ്ഥാന അനുപാതങ്ങൾ സംബന്ധിച്ച പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ലായെന്നും ആയത് ഉൾപ്പെടുത്താൻ പഞ്ചായത്ത് വകുപ്പ് മുഖേന നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. (എൻക്വയറി നം. 5)

## 1-1-2 വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല

തൻവർഷത്തെ തനത് ഫണ്ടുകളുടെ വരവ്-ചെലവുകൾ ക്രമീകരിച്ചതിന്റെ വിവരം ഉൾപ്പെടുത്തിയ B1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല.

ILGMS ൽ B1 Schedule സംബന്ധിച്ച് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ലായെന്നും ആയത് ഉൾപ്പെടുത്താൻ പഞ്ചായത്ത് വകുപ്പ് മുഖേന നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. (എൻക്വയറി നം. 5)

## 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വസ്തുനികുതി ലഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല. 31.3.2024 ൽ മാത്രമാണ് എൻട്രി വരുത്തിയിട്ടുള്ളത്. അടുത്ത വർഷം സമയബന്ധിതമായി ഡിമാന്റ് ജനറേറ്റ് ചെയ്യുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം. 5 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-1-4 വരവിനേക്കൾ കൂടുതൽ ചെലവ്

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം ആകെ വരുമാനം 18,22,96,039 രൂപയും ആകെ ചെലവ് 19,45,67,121 രൂപയുമാണ്. കൂടാതെ Gross Deficit Of Income Over Expenditure After Prior Period 1,24,10,794 രൂപയുമാണ്. വരുമാനത്തേക്കാൾ കൂടുതലായി ചെലവ് ചെയ്തിരിക്കുന്നു.

Depreciation ഇനത്തിൽ 63,10,391 രൂപ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഇത് ഒരു Noncash Expense ആണെന്നും കൂടാതെ മുന്നിരിപ്പിലുള്ള തുകയിൽ നിന്നും റവന്യൂ ചെലവ് കൂടുതൽ നടത്തിയിട്ടുള്ളതിനാലുമാണ് വരവിനേക്കാൾ കൂടുതൽ ചെലവ് എന്നാണ് ഓഡിറ്റ് എൻക്വയറി നം. 5 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-5 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് / ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് / ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | B-4 Schedule പ്രകാരം ഗ്രാന്റ് നീക്കിയിരിപ്പ് | B-17 Schedule പ്രകാരം ബാങ്ക് നീക്കിയിരിപ്പ് | ഓഡിറ്റ് എൻക്വയറി നം. 5 ന് ലഭ്യമാക്കിയ മറുപടി |
|---|---|---|---|
| MNREGS | 5,849 | 5,850 | ക്ലറിക്കൽ പിഴവ് അടുത്ത സാമ്പത്തിക വർഷം പരിഹരിക്കുന്നതാണ്. |
| Health Grant Towards Support For Diagnostic Infrastructure To The PHCs | 11,05,884 | 10,89,100 | 2023-24 വർഷം ആകെ ചെലവ് 2,96,392 രൂപയാണ്. എന്നാൽ ആകെ ചെലവായ തുകയ്ക്ക് Income Head ലേയ്ക്ക് ജേണൽ ചെയ്തത് 2,79,608 രൂപ മാത്രമാണ്. 84,817 രൂപയുടെ വ്യത്യാസം അടുത്ത സാമ്പത്തിക വർഷം പരിഹരിക്കുന്നതാണ് |
| Health Grant Towards Coversion Of PHCs Abd Subcentres Into Health And Wellness Centres | 5,00,921 | 4,43,816 | 2023-24 വർഷം ആകെ ചെലവ് 1,74,015 രൂപയാണ്. എന്നാൽ ആകെ ചെലവായ തുകയ്ക്ക് Income Head ലേയ്ക്ക് ജേണൽ ചെയ്തത് 1,16,910 രൂപ മാത്രമാണ്. വ്യത്യാസം 57,105 രൂപയുടെ വ്യത്യാസം അടുത്ത സാമ്പത്തിക വർഷം പരിഹരിക്കുന്നതാണ് |
| Central Finance Commission Grant Tied And Basic Tax Grant | 79,19,459 | 75,58,889 | CFC Fund Egram മുഖേനയാണ് പേമെന്റ് നടത്തുന്നത്. ബില്ലുകളുടെ 90% പേമെന്റ് മാത്രമേ ആദ്യ ഘട്ടം നടക്കുകയുള്ളൂ. വ്യത്യാസം പരിശോധിച്ച് മറുപടി നൽകുന്നതാണ്. |
| Joint Ventrue Projects | 13,07,488 | 0 | Joint Venture A/C 799011400001755 ൽ നിന്നും Resumption ഇനത്തിൽ സർക്കാർ തിരികെ പിടിച്ച 12,52,684 രൂപ തിരികെ നൽകിയിട്ടില്ല. കൂടാതെ സാങ്കേതിക പിശകുകളാൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ട രണ്ട് ജോയിന്റ് വെഞ്ചർ അക്കൗണ്ടുകളിലെ 2,828/- രൂപ, 26,020/- രൂപ എന്നീ തുകകൾ ഉൾപ്പെട്ട അക്കൗണ്ട് പഞ്ചായത്തിൽ നിലവിലില്ല. പിശക് അടുത്ത സാമ്പത്തിക വർഷം പരിഹരിച്ച് ബാലൻസ് കൃത്യമാക്കി എ.എഫ്.എസ് സമർപ്പിക്കുന്നതാണ്. |

അപാകത അടുത്ത വർഷത്തെ വാർഷിക കണക്കിൽ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-6 സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തി Stock In Hand (Inventories) ൽ ഉൾപ്പെടുത്തിയിട്ടില്ല

2023-24 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) ൽ ഉൾപ്പെടുത്തിയിട്ടില്ല.

ILGMS ൽ പ്രൊവിഷൻ ഇല്ലായെന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 5 നുള്ള മറുപടി. ഐ.കെ.എം മായി ബന്ധപ്പെട്ട് അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-7 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ വരുത്തുന്നില്ല.

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ വരുത്തുന്നില്ല. ലേലം, തൊഴിൽനികുതി, ലൈസൻസ് എന്നിവയുടെ രജിസ്റ്ററുകളിലൊന്നും തന്നെ ലെഡ്ജർ ബാലൻസുകൾ ആ ശീർഷകവുമായി പൊരുത്തപ്പെടുത്തൽ വരുത്തിയിട്ടില്ല.

2024-25 സാമ്പത്തിക വർഷം മുതൽ പൊരുത്തപ്പെടുത്തൽ വരുത്തുന്നതാണെന്നാണ് ഓഡിറ്റ് എൻക്വയറി നം. 5 നുള്ള മറുപടി. പൊരുത്തപ്പെടുത്തൽ വരുത്തി ഹാജരാക്കേണ്ടതാണ്.

## 1-1-8 കുടിശ്ശിക ചെലവുകൾക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

കുടിശ്ശിക ചെലവുകൾക്ക് തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2024-25 സാമ്പത്തിക വർഷം മുതൽ എല്ലാ കുടിശ്ശിക ചെലവുകൾക്കും പ്രൊവിഷൻ വരുത്തുന്നതാണെന്നാണ് ഓഡിറ്റ് എൻക്വയറി നം. 5 നുള്ള മറുപടിയായി അറിയിച്ചിട്ടുണ്ട്.

## 1-1-9 മുന്നിരിപ്പായും നീക്കിയിരിപ്പായും ഉൾപ്പെടുത്തിയ അക്കൗണ്ടുകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

റസീപ്റ്റ് ആന്റ് പെയ്മെന്റ് ഷെഡ്യൂൾ RP(40a), RP(40b) എന്നിവ പ്രകാരം Head Code 450210104 Treasury TSB (Old) എന്ന അക്കൗണ്ടിൽ 26,020 രൂപയും Head Code 450220102 Treasury Old എന്ന അക്കൗണ്ടിൽ 2,828 രൂപ മുന്നിരിപ്പായും നീക്കിയിരിപ്പായും രേഖപ്പെടുത്തിയിട്ടുണ്ട്. അവയുടെ മുന്നിരിപ്പ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ പരിശോധിക്കുന്നതിന് ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റുമെന്റ്, റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പ്രസ്തുത അക്കൌണ്ടുകളോ തുകയോ ഗ്രാമപഞ്ചായത്തിൽ നിലവിലില്ലായെന്നും അടുത്ത സാമ്പത്തിക വർഷം അപാകത പരിഹരിക്കുന്നതാണെന്നുമാണ് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 5 നുള്ള മറുപടി. പ്രസ്തുത അക്കൌണ്ടുകൾ സംബന്ധിച്ച് കൃത്യമായി പരിശോധിച്ച് ഭരണസമിതി തീരുമാനം പ്രകാരം തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-10 വസ്തു നികുതി (Residential & Nonresidential) ഡിമാന്റിൽ നിന്നും 4,46,114/- രൂപ ഒഴിവാക്കി.

I-19 Schedule പ്രകാരം വസ്തു നികുതി (Residential & Nonresidential) ഇനത്തിൽ 4,46,114 രൂപ ഡിമാന്റിൽ നിന്ന് ഒഴിവാക്കിയതായി കാണുന്നു. ആയതിന്റെ കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 5 ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 25.5.2023 ലെ 6(1), 14.12.2023 ലെ 4(1), 21.02.2024 ലെ 2(1), 2(2)5.3.2024 ലെ 2(1), 2(2), 20.3.2024 ലെ 1(1), 27.3.2024 ലെ 2(1), 2(2) എന്നീ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ പ്രസ്തുത തുക ഡിമാന്റിൽ നിന്ന് ഒഴിവാക്കിയതിന്റെ കാരണം സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-1-11 വാർഷിക കണക്കുകളിലെ തുകകളെ സാധുകരിക്കുന്ന വിധത്തിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

B-5 Schedule പ്രകാരമുള്ള Secured Loans ന്റെ കൃത്യത പരിശോധിക്കുന്നതിനായി ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ലോൺ രജിസ്റ്റർ ലഭ്യമല്ലായെന്നാണ് ഓഡിറ്റ് എൻക്വയറി നം. 5 നുള്ള മറുപടി. ലോൺ രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-1-12 രജിസ്റ്ററുകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

1) ഡെപ്പോസിറ്റ് രജിസ്റ്റർ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയതിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല

2) Advance Register ഓഡിറ്റ് എൻക്വയറിയെ തുടർന്ന് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും Advance To Implimenting Officers ഇനത്തിൽ B-18 Schedule പ്രകാരമുള്ള 31,66,801 രൂപയുടെ കൃത്യത പരിശോധിക്കുന്നതിന് പ്രസ്തുത രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. പ്രസ്തുത തുക ഏതൊക്കെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക്, ഏതു വർഷം നൽകിയ തുകയാണെന്നും പ്രസ്തുത തുക ക്രമീകരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 5ന്റെ അടിസ്ഥാനത്തിൽ ഹാജരാക്കിയ രജിസ്റ്ററുകൾ പൂർണ്ണമല്ല. രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

## 1-1-13 ഹെൽത്ത് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പ് തുകകളിൽ അവ്യക്തത.

1) Head Code 320100201, 320100202, 320100203 എന്നിവ പ്രകാരമുള്ള ആകെ ഹെൽത്ത് ഗ്രാന്റ് വരവ് 14,90,815 രൂപയും മുന്നിരിപ്പ് 962508 രൂപയുമാണ് ആകെ 24,53,323 രൂപ. സുലേഖ പ്രകാരം ഈയിനത്തിലെ ആകെ ചെലവ് പ്രോജക്ട് നം. 218, 219, 263, 264 എന്നിവ പ്രകാരം 4,70,407 രൂപയാണ്. ആയതിനാൽ നീക്കിയിരിപ്പായി വരേണ്ട തുക 19,82,916 രൂപ. എന്നാൽ B-4 Schedule പ്രകാരം ഈയിനത്തിലെ നീക്കിയിരിപ്പ് 16,06,805 രൂപയാണ്. വ്യത്യാസത്തിന്റെ കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 5 ന് യഥാർത്ഥ ചെലവ് 4,70,407 രൂപയാണെങ്കിലും ജേണൽ ചെയ്തത് 3,96,518 + 16,06,805 രൂപയാണെന്നും തെറ്റായി കുറവ് ജേണൽ ചെയ്ത 73,889 രൂപയുടെ പിശക് അടുത്ത സാമ്പത്തിക വർഷം പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി മറുപടിയിൽ വ്യകതതയില്ല. എ.എഫ്.എസ് പ്രകാരം ഈയിനത്തിലെ മുന്നിരിപ്പ് 9,62,508 രൂപയാണ്. മറുപടിയിൽ 5,12,508 രൂപ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പരിശോധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

2) ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്&അൺടൈഡ്) RP(40a) പ്രകാരം മുന്നിരിപ്പ് 58,44,973 രൂപയും വരവ് 84,60,500 രൂപയും സുലേഖ പ്രകാരം ചെലവ് 6,74,647 രൂപയുമാണ്. അങ്ങനെയെങ്കിൽ നീക്കിയിരിപ്പായി വരേണ്ട തുക 1,36,30,826 രൂപയാണ്. എന്നാൽ എ.എഫ്.എസ് പ്രകാരമുള്ള നീക്കിയിരിപ്പ് 75,58,889 രൂപയാണ്. വ്യത്യാസം പൊരുത്തപ്പെടുന്നില്ല. ധനകാര്യ കമമീഷൻ ഗ്രാന്റ് ചെലവുകൾ ഇ-ഗ്രാം പോർട്ടൽ മുഖേന ചെയ്യുമ്പോൾ 90% ആകുമ്പോൾ തന്നെ 100% എക്സ്പെൻഡിച്ചർ കാണിക്കുന്നുവെന്നും സി.എഫ്.സി ഫണ്ടുകളുടെ പൊരുത്തമില്ലായ്മ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതാണെന്നും ഓഡിറ്റ് എൻക്വയറി നം. 38 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-14 വസ്തു നികുതി സംബന്ധിച്ച വാർഷിക കണക്കുകളിലെ തുകകളും സഞ്ചയപ്രകാരമുള്ള തുകകളും പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ്(രജിസ്റ്റർ പ്രകാരം)/സഞ്ചയ പ്രകാരം | ഡിമാന്റ് (എ.എഫ്.എസ് പ്രകാരം) | കളക്ഷൻ(രജിസ്റ്റർ പ്രകാരം)/സഞ്ചയ പ്രകാരം | കളക്ഷൻ (എ.എഫ്.എസ് പ്രകാരം) | ബാലൻസ്(രജിസ്റ്റർ പ്രകാരം)/സഞ്ചയ പ്രകാരം | ബാലൻസ് (എ.എഫ്.എസ് പ്രകാരം) |
|---|---|---|---|---|---|---|
| വസ്തുനികുതി (Residential) (തൻവർഷം) | 22,98,869 | 22,98,869 | 20,85,392 | 20,78,311 | 2,08,505 | 2,31,116 |
| വസ്തുനികുതി (Non Residential) തൻവർഷം | 28,76,226 | 28,76,226 | 27,46,370 | 27,53,731 | 1,29,348 | 1,29,647 |

## 1-1-15 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന വിധത്തിൽ അനുബന്ധ രേഖകൾ ഇല്ല.

ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന വിധത്തിൽ അനുബന്ധ രേഖകൾ ഇല്ല.

ഉദാ:- ജേണൽ നം. 42301255, 42301254, 42301161. ഹെഡ്ഡ് മാറി പോസ്റ്റ് ചെയ്തിരുന്ന തുകകൾ എ.എഫ്.എസ് സമർപ്പണ സമയത്ത് അപാകത കണ്ടെത്തിയതിനെ തുടർന്ന് ജേണൽ ചെയ്തതിനാലാണ് അനുബന്ധ രേഖകൾ ഇല്ലാത്തതെന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.38 നുള്ള മറുപടി. പ്രസ്തുത മറുപടി സ്വീകാര്യമല്ല. ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന വിധത്തിൽ അനുബന്ധ രേഖകൾ സൂക്ഷിക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തീയതി | 30.03.2023 | 06.02.2024 |
| ഭരണസമിതി തീരുമാനം | 1(1) | 4(1) |
| മുന്നിരിപ്പ് | 79,79,420 | 1,25,65,332 |
| പ്രതീക്ഷിത വരവ് | 50,15,76,400 | 49,70,84,450 |
| ആകെ | 50,95,55,820 | 50,96,49,782 |
| പ്രതീക്ഷിത ചെലവ് | 50,43,04,000 | 49,22,18,500 |
| നീക്കിയിരിപ്പ് | 52,51,820 | 1,74,31,282 |

## 1-3 സാമ്പത്തിക നില

(Receipt & Payment പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,05,43,789 |
| വരവ് | 6,23,22,274 |

| | |
|---|---|
| ആകെ | 8,28,66,063 |
| ചെലവ് | 5,28,66,669 |
| നീക്കിയിരിപ്പ് | 2,99,99,394 |

## 1-4-1 ഗ്രാന്റ് വിനിയോഗം -മറ്റ് അപാകതകൾ

1. B-4 Schedule പ്രകാരമുള്ള തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

A) വാർഷിക ധനകാര്യപത്രിക B-4 Schedule പ്രകാരം താഴെപ്പറയുന്ന ഹെഡ്ഡുകളിലെ തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നവയാണ്. അവ വിനിയോഗിക്കുകയോ ചെലവഴിക്കാത്ത തുക തിരിച്ചടയ്ക്കുകയോ ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. വിശദാംശം ചുവടെ.

| ഹെഡ്ഡ് കോഡ് | തുക |
|---|---|
| 320100105 | 3,00,000 |
| 320100181 | 5,43,670 |
| 320100193 | 2,579 |
| 320100198 | 4,42,678 |
| 320100199 | 20,000 |
| 320100999 | 11,83,643 |
| 320200207 | 3,05,503 |
| 320200399 | 62,500 |
| 320300102 | 10,000 |
| 320300103 | 26,84,911 |
| 320300199 | 19,550 |
| 320400199 | 15,07,003 |
| 320700204 | 6,31,482 |
| 320700205 | 6,47,506 |
| 320700405 | 28,500 |
| 320800101 | 23,850 |
| 320900101 | 80,441 |

മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, എന്നിവ ലഭ്യമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും ആരാഞ്ഞ് നൽകിയഓഡിറ്റ് എൻക്വയറി നം. 20/26.08.2024 ന് മറുപടി ലഭ്യമാക്കിട്ടില്ല. ഗുണഭോക്തൃവിഹിതമിനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയ്ക്ക് കാരണവും മേൽ പ്രോജക്ടുകൾ സ്പിൽ ഓവർ ആക്കിയിട്ടുണ്ടെങ്കിൽ വിശദാംശവും ലഭ്യമാക്കേണ്ടതാണ്.

2. 15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2023-24 സാമ്പത്തിക വർഷം അനുവദിച്ച വികസനഫണ്ട്, സംരക്ഷണ ഫണ്ട് എന്നിവയിൽ ആ വർഷം ചെലവഴിക്കാത്ത ഫണ്ട് തൊട്ടടുത്ത വർഷം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുണ്ട്. മുൻ സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ പരമാവധി 20% വരെ മാത്രമാണ് ഇപ്രകാരം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുള്ളത്. ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്. സ.ഉ(കൈ)നം.86/2022/Lsgd Dated 19.4.2022 ഖണ്ഡിക 3.4.1.3(Ii) പ്രകാരം (15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധനയുടെ അടിസ്ഥാനത്തിൽ) പട്ടികജാതി ഉപപദ്ധതി വിഹിതത്തിലേയും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിലേയും വിനിയോഗ ശതമാനം 80 ൽ കുറവാണെങ്കിൽ മേല്പറഞ്ഞ ക്യാരി ഓവർ ആയി സർക്കാർ അനുവദിക്കുന്നത് കഴിച്ചുള്ള സംഖ്യ തൻവർഷത്തെ പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും പരിഹാര വകയിരുത്തൽ നടത്തണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷത്തിൽ വികസനഫണ്ട്(ജനറൽ), സംരക്ഷണഫണ്ട് (റോഡ്) എന്നിവയിൽ ലാപ്സായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അനുവദിച്ച തുക | ചെലവ് തുക (സുലേഖ പ്രകാരം) | നീക്കിയിരിപ്പ് തുക | ചെലവ് ശതമാനം | 2024-25 ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് | 2,71,59,000 | 2,07,73,059 | 63,85,941 | 76.49 | 54,31,800 | 9,54,141 |
| വികസനഫണ്ട് (SCP ) | 81,82,000 | 55,75,882 | 26,06,118 | 68.15 | 16,36,400 | 9,69,718 |
| റോഡിതരം | 1,86,50,000 | 85,17,932 | 1,01,32,068 | 45.67 | 37,30,000 | 64,02,068 |
| റോഡ് | 68,64,000 | 20,25,228 | 48,38,772 | 29.5 | 13,72,800 | 34,65,972 |

ഇപ്രകാരം തുക പാഴായതിന് കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/26.08.2024 ന് ട്രഷറി നിയന്ത്രണങ്ങൾ കാരണമാണ് തുക ചെലവഴിക്കാൻ കഴിയാത്തതെന്ന് മറുപടി ലഭ്യമാക്കി

3) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം,

എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം.പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അനുബന്ധം 2 പ്രകാരം വകയിരുത്തേണ്ട തുക | അടങ്കൽ തുക (മറ്റുള്ളവ ഒഴികെ) | ചെലവഴിച്ച തുക (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം(%) |
|---|---|---|---|---|
| വനിത ഘടക പദ്ധതി | 29,90,920 | 31,54,286 | 3,86,322 | 12.24 |
| കുട്ടികൾ,ഭിന്നശേഷിയുള്ളവർ | 14,95,460 | 23,53,200 | 14,52,713 | 61.73 |
| വൃദ്ധർ (പാലിയേറ്റീവ് കെയർ ഉൾപ്പെടെ) | 14,95,460 | 25,65,150 | 15,74,993 | 61.40 |

ഇപ്രകാരം തുക പാഴായതിന് കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/26.08.2024 ന് ട്രഷറി നിയന്ത്രണങ്ങൾ കാരണമാണ് തുക ചെലവഴിക്കാൻ കഴിയാത്തതെന്ന് മറുപടി ലഭ്യമാക്കി

4) ഡിമാന്റ് ചെയ്യപ്പെടുന്ന തനത് വരുമാനത്തിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിൽ നിന്നും ഒരു ശതമാനം കുറവ് ചെയ്യുന്നതിന് ജി.ഒ (എം.എസ്)നം. 179/2022/ഫിൻ തീ. 18/10/2022 ൽ തീരുമാനം എടുത്തിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾക്ക് 2022-23 സാമ്പത്തിക വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു സ.ഉ.(സാധാ)നം. 2888/2024/ധന തീ.22.3.2024 പ്രകാരം ലഭ്യമാക്കിയതിൽ ആനാട് ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും 2,85,760 രൂപ മേൽ ഉത്തരവ് പ്രകാരം കുറവ് ചെയ്തിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതും പുതുതായി തനത് ഫണ്ട് സ്രോതസ്സ് കണ്ടെത്തുന്നതിനും 100% തനത് ഫണ്ട് പിരിച്ചെടുക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റുകളുടെ വിനിയോഗവിവരം ചുവടെ ചേർക്കുന്നു.

| Fund/Grant | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 2,27,91,121 | 2,07,73,059 | 20,18,062 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 83,04,513 | 55,75,882 | 27,28,631 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 35,48,500 | 13,94,891 | 21,53,609 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 47,32,000 | 53,59,756 | -6,27,756 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 45,76,000 | 20,25,228 | 25,50,772 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 1,09,76,000 | 85,17,932 | 24,58,068 |
| കേന്ദ്രാവിഷ്കൃത ഫണ്ട്(സി.എസ്.എസ്) | 0 | 0 | 17,98,989 | -17,98,989 |
| സംസ്ഥാനവിഷ്കൃത ഫണ്ട്(എസ്.എസ്.എസ്) | 0 | 0 | 19,00,000 | -19,00,000 |

1) ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി) എന്നീ ഫണ്ടുകളുടെ Receipt ഭാഗത്ത് Source Deduction കൂടാതെയുള്ള തുകകളും Expenditure ഭാഗത്ത് Source Deduction ഉൾപ്പെടെയുള്ള തുകകളുമാണ് കാണപ്പെടുന്നത്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ഫണ്ടുകളിൽ വരവിനേക്കാൾ കൂടുതൽ ചെലവും നീക്കിയിരിപ്പായി നെഗറ്റീവ് തുകകളും കാണപ്പെടുന്നുണ്ട്.
2) വാർഷിക ധനകാര്യ പത്രികയിൽ കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെയും (സി.എസ്.എസ്), സംസ്ഥാനവിഷ്കൃത ഫണ്ടുകളുടെയും (എസ്.എസ്.എസ്) മുന്നിരിപ്പ്, വരവ് തുകകൾ ഉൾപ്പെടുന്നുണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ഫണ്ടുകളുടെ മുന്നിരിപ്പ്, വരവ്, തുകകൾ ഉൾപ്പെടാതെ ചെലവ് തുകകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ നീക്കിയിരിപ്പ് തുക നെഗറ്റീവ് തുകയായി കാണപ്പെടുന്നു.
3) വെബ്ലാംഖ്യ മുഖേന ലഭ്യമാകുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ, നിർവഹണ ഉദ്യോഗസ്ഥർ ബിൽ ജനറേറ്റ് ചെയ്യുമ്പോൾ തന്നെ ചെലവ് രേഖപ്പെടുത്തുന്നതിനാൽ ആയതിൽ ക്യൂബില്ലുകളും ട്രഷറിയിൽ നിന്നും പേയ്മെന്റ് ചെയ്യാത്ത (ട്രഷറി റിജക്റ്റ് ചെയ്യുന്ന ബില്ലുകൾ, ട്രഷറിയിൽ സമയ പരിധിക്കുള്ളിൽ സമർപ്പിക്കാത്ത ബില്ലുകൾ മുതലായവ) ബില്ലുകളുടെ വിവരങ്ങളും ഉൾപ്പെടുന്നുണ്ട്.
4) ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ (സി.എഫ്.സി Tied & Untied) മുന്നിരിപ്പ് ഉണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ആയത് ഉൾപ്പെട്ടിട്ടില്ല.

5) ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം മുഖേനയുള്ള ചെലവുകൾക്ക് വെബ്ലാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ഇരട്ടിപ്പ് കാണപ്പെടുന്നുണ്ട്.
മേൽ കാരണങ്ങളാൽ വാർഷിക ധനകാര്യ പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവയിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി ആസൂത്രണം

### പദ്ധതി നിർവ്വഹണം

2023-24വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴികെ) | ആകെപദ്ധതി ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 7 | 4 | 31,26,600 | 10,40,571 | 33.28 |
| വെറ്റിനറി ഉദ്യോഗസ്ഥൻ | 9 | 8 | 1 | 28,74,248 | 16,50,357 | 57.41 |
| മെഡിക്കൽ ആഫീസർ (ആലോപ്പതി) | 18 | 16 | 2 | 1,06,52,236 | 67,24,149 | 63.12 |
| മെഡിക്കൽ ആഫീസർ (ഹോമിയോ) | 2 | 1 | 1 | 4,00,000 | 4,00,000 | 100 |
| മെഡിക്കൽ ആഫീസർ (ആയുർവേദം) | 5 | 5 | 0 | 33,00,000 | 32,96,894 | 99.90 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 16 | 13 | 3 | 14,57,34,206 | 1,08,72,587 | 7.46 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 18 | 10 | 8 | 1,96,42,060 | 19,91,446 | 10.13 |
| ഐ സി ഡി എസ് സൂപ്പർ വൈസർ | 14 | 13 | 01 | 65,71,636 | 59,23,895 | 90.14 |
| സെക്രട്ടറി | 42 | 31 | 11 | 2,38,89,361 | 1,32,48,027 | 55.45 |
| ഹെഡ്മാസ്റ്റർ | 8 | 4 | 4 | 14,18,200 | 3,47,523 | 24.50 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 87 | 44 | 43 | 4,15,52,497 | 1,39,85,867 | 33.65 |
| ഡയറി ഫാം ഇൻസ്പക്ടർ | 2 | 2 | 0 | 25,50,000 | 13,90,913 | 54.54 |
| ഫീഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 0 | 2,40,000 | 16,000 | 6.66 |
| അസിസ്റ്റന്റ് സെക്രട്ടറി | 18 | 17 | 01 | 34,08,624 | 27,87,569 | 81.77 |

**ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)**

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 3,51,82,768 | 2,07,73,059 | 59.04 |
| എസ്.സി.പി. | 1,01,17,557 | 55,75,882 | 55.11 |
| ടി.എസ്.പി. | 0 | 0 | 0 |
| ധനകാര്യകമ്മിഷൻ അവാർഡ് | 1,69,82,178 | 67,54,647 | 39.77 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 46,50,000 | 17,98,989 | 38.68 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 2,29,26,750 | 19,00,000 | 8.28 |
| തനത് ഫണ്ട് | 1,74,60,865 | 1,00,87,583 | 57.77 |
| ബ്ലോക്ക് പഞ്ചായത്ത് | 1,03,98,969 | 26,37,800 | 25.36 |
| മറ്റ് ജില്ലാപഞ്ചായത്ത് | 1,14,57,272 | 15,67,456 | 13.68 |
| മെയിന്റനൻസ് നോൺ റോഡ് | 1,62,41,998 | 85,17,932 | 52.44 |
| മെയിന്റനൻസ് റോഡ് | 68,64,000 | 20,25,228 | 29.50 |

**ആസൂത്രണ സമിതി**

1. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 84/2022/തസ്വഭവ തീയതി 19.04.2022, 3.1.1 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി ഓരോ വർഷവും നവംബർ 1ന് മുമ്പ് നിലവിലുള്ള ആസൂത്രണ സമിതികൾ ആവശ്യമെങ്കിൽ പുനസംഘടിപ്പിക്കേണ്ടതാണ്. ആനാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 07/12/2022 തീയതിയിലെ (1) നമ്പർ തീരുമാന പ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്.

2. പുനസംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം മാർഗ്ഗരേഖയുടെ അനുബന്ധമായി ചേർത്തിട്ടുള്ള ഫോറം 1ൽ രേഖപ്പെടുത്തേണ്ടതും അത് തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടക സ്ഥാപനങ്ങളുടേയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. ഇത്തരത്തിലുള്ള നടപടിക്രമം പാലിച്ചിട്ടില്ല. ആകെ 19 പേർ അടങ്ങുന്ന അംഗങ്ങളാണ് ആസൂത്രണ സമിതിയിൽ ഉൾപ്പെടുന്നത്. വിഷയവിദഗ്ദർ ഒന്നും ആസൂത്രണ സമിതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. മാർഗ്ഗ രേഖയുടെ 3.1.1 എ 7 പ്രകാരം ആസൂത്രണ സമിതി തുടർച്ചയായി പ്രവർത്തിക്കുന്നുവെന്ന് ഭരണസമിതി ഉറപ്പാക്കണമെന്നും പദ്ധതി ആസൂത്രണപ്രക്രിയ നടക്കുന്ന ഘട്ടത്തിൽ ആവശ്യാനുസരണവും അതിനു ശേഷം കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും ആസൂത്രണസമിതി യോഗം ചേരണമെന്നും

നിഷ്കർച്ചിട്ടുണ്ട്. കൂടാതെ മാർഗ്ഗരേഖയുടെ 3.1.1 ബി 1 മുതൽ 17വരെ പ്രതിപാദിക്കുന്ന ആസൂത്രണസമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ടോയെന്ന് ആസൂത്രണസമിതിയുടെ മിനിട്ട് പരിശോധിച്ചപ്പോൾ ലഭ്യമായ വിവരങ്ങൾ ഇപ്രകാരമാണ്. ആസൂത്രണ സമിതി 2023-24 സാമ്പത്തിക വർഷത്തിൽ ആകെ ഒരു പ്രാവശ്യം മാത്രമാണ് യോഗം കൂടുകയുണ്ടായത്. ആദ്യയോഗം 10/01/23- ൽ കൂടുകയുണ്ടായി. ഈ യോഗത്തിൽ 8 പേർ പങ്കെടുക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ വിഷയതീരുമാനങ്ങൾ ഉൾപ്പെടുത്തിയ ചർച്ചയോ നിർദ്ദേശങ്ങളോ ഒന്നും തന്നെ നടന്നതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം</u>

സ.ഉ(കൈ) നം. 84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖണ്ഡിക 3.1.2 ബി പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, പദ്ധതി രൂപീകരണ പ്രക്രിയയിൽ നവമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുക അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്.

വർക്കിംഗ് ഗ്രൂപ്പ് മിനിട്ടുകൾ പരിശോധിച്ചപ്പോൾ ലഭ്യമായ വിവരങ്ങൾ ഇപ്രകാരമാണ്.

ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന വാർഡ് സഭാ യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തര ത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്ട് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)13 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും പാലിച്ചതായി വർക്കിംഗ് ഗ്രൂപ്പുകൾ മിനിട്ട് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. 13 എണ്ണം വർക്കിംഗ് ഗ്രൂപ്പുകളാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത് വാർഷിക പദ്ധതി രൂപീകരണം സംബന്ധിച്ച് പദ്ധതി നിർദ്ദേശം നൽകുന്നതിന് മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുള്ളത്.

## <u>1-6-1 മരണ ശേഷവും ക്ഷേമപെൻഷൻ അനുവദിച്ചു</u>

I) 2023-24 സാമ്പത്തിക വർഷത്തിൽ സേവന സോഫ്റ്റ്‌വെയർ ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേരു വിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല. 2.08.2021 ലെ 63/2021/ധന സർക്കുലർ പ്രകാരം പ്രാദേശിക സർക്കാരിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യുന്ന പ്രാദേശിക സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10-ാം തീയതിക്ക് മുൻപ് അറിയിക്കേണ്ടതും ആയത് പരിശോധിച്ച് മരണപ്പെട്ട/ അനർഹരായ ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും സസ്പെൻഡ് ചെയ്യാൻ കാലതാമസമുണ്ടായവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര്/വിലാസം | പെൻഷൻ നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനം | പെൻഷൻ തരം/ ഐഡി | മരിച്ച തീയതി | അനർഹമായ കാലയളവ്/ |
|---|---|---|---|---|---|
| 1. | ദേവകിഅമ്മ ഡി, നെടുമൺ വീട്, കല്ലൂർ, കൊയ്ത്തൂർകോണം, പോത്തൻകോട് | പോത്തൻകോട് ഗ്രാമ പഞ്ചായത്ത് | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം) 102720600368 | 19/12/2022 | 1/2023 മുതൽ 8/2023- വരെയുള്ള 1600*8 (12,800/-) രൂപ |
| 2. | അപ്പുക്കുട്ടൻ പിള്ള, കോമല്ലൂർ, വയലരികത്തുവീട്, ആനാട് | പനവൂർ ഗ്രാമ പഞ്ചായത്ത് | സാമൂഹ്യ സുരക്ഷ പെൻഷൻ (കർഷക തൊഴിലാളി പെൻഷൻ) 102650100305 | 02/01/2023 | 2/2023 മുതൽ 4/2023- വരെയുള്ള 1600*3 (4,800/-) രൂപ |
| 3. | രാധ പി, പുരുരുട്ടാതി ഹൌസ്, നിലമി, ഏണിക്കര, കരകുളം | കരകുളം ഗ്രാമ പഞ്ചായത്ത് | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 10/12/2022 | 1/2023 മുതൽ 4/2023- വരെയുള്ള 1600*4 (6,400/-) രൂപ |

അപാകം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 35/30.09.2024) ക്രമനമ്പർ 1,3 എന്നിവരുടെ പെൻഷൻ 21/10/2023 ന് മസ്റ്ററിംഗ് ചെയ്തിട്ടില്ല/ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ലായെന്ന കാരണത്താൽ റദ്ദ് ചെയ്തിട്ടുണ്ടെന്നും ക്രമനമ്പർ 2 വ്യക്തിയുടെ പെൻഷൻ 05/08/2023 ന് റദ്ദ് ചെയ്തിട്ടുണ്ടെന്നും മറുപടി നൽകി. ടി

ഗുണഭോക്താക്കൾക്ക് മരണശേഷം വിതരണം ചെയ്ത തുക കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിലുള്ള അക്കൌണ്ടിലേയ്ക്ക് (അക്കൗണ്ട് നമ്പർ - 110110801000251) നേരിട്ട് തിരികെ ഒടുക്കുന്നതിന് അതാത് ബാങ്കുകൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. തുക തിരികെ ഒടുക്കിയ രേഖകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

II) സേവന ഡേറ്റാ ബേസിൽ നിലവിലും ക്ഷേമപെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആയി നിലനില്ക്കുന്നവരുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | പേര്/വിലാസം | പെൻഷൻ തരം/ഐഡി | മരിച്ച തീയതി |
|---|---|---|---|
| 1 | രാമൻകുട്ടി നായർ, സുരേഷ് ഭവൻ, തൊഴുകുമ്മേൽ, ഉണ്ടപ്പാറ, ഇരിഞ്ചയം, ആനാട് | സാമൂഹ്യ സുരക്ഷ പെൻഷൻ (കർഷക തൊഴിലാളി പെൻഷൻ) 102630101066 | 04.11.2023 |

ടി വ്യക്തിയുടെ പെൻഷൻ റദ്ദ് ചെയ്യാൻ വിട്ടുപോയതാണെന്നും 30/09/2024 ന് റദ്ദ് ചെയ്തിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറിക്ക് (നം. 35/30.09.2024) മറുപടി നൽകി. കൂടാതെ മരണശേഷം വിതരണം ചെയ്ത പെൻഷൻ തുക കേരള സോഷ്യൽ സെക്യൂരിറ്റി ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിലുള്ള അക്കൌണ്ടിലേയ്ക്ക് (അക്കൌണ്ട് നമ്പർ - 110110801000251) നേരിട്ട് തിരികെ ഒടുക്കുന്നതിന് കേരള ഗ്രാമീൺ ബാങ്കിന് കത്ത് നൽകിയിട്ടുണ്ട് എന്നും മറുപടിയിൽ വ്യക്തമാക്കി. തുക തിരികെ ഒടുക്കിയ രേഖകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-6 ക്ഷേമ പെൻഷൻ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 56,58,800/- | 476 |
| വിധവാ പെൻഷൻ | 1,79,59,200/- | 1767 |
| വാർദ്ധക്യകാല പെൻഷൻ | 3,00,42,100/- | 3085 |
| വികലാംഗ പെൻഷൻ | 49,35,700/- | 450 |
| വിവാഹധനസഹായം | 4,20,000/- | 14 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5,56,000/- | 53 |

## 1-7 പണം നീക്കിയിരിപ്പ് പരിശോധന

തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമ പഞ്ചായത്തിന്റെ 2023-'24 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള പണം നീക്കിയിരിപ്പ് പരിശോധന 30.09.2024 തീയ്യതിയിൽ 12:45 മണിക്ക് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 9,714/- (ഒൻപതിനായിരത്തി എഴുന്നൂറ്റി പതിന്നാല് രൂപ) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾപ്പെടുന്നതും സാമ്പത്തികവർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമായ ബജറ്റ് അവതരിപ്പിക്കുകയും ചെലവുകൾക്ക് ബജറ്ററി നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്.

**ജോലി വിഭജന രേഖ**

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവചിക്കുകയും ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഐ.എൽ.ജി.എം.എസ് വഴി ജോലി വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

**സ്റ്റാഫ് മീറ്റിംഗ്**

സ്റ്റാഫ് മീറ്റിംഗ് കൃത്യമായ ഇടവേളകളിൽ കൂടുകയും ആവശ്യമായ നിർദ്ദേശങ്ങൾ ജീവനക്കാർക്ക് നൽകുകയും ചെയ്യുന്നുണ്ട്.

**ഫയലുകൾ തീർപ്പാക്കൽ**

ഓഡിറ്റ് കാലയളവിൽ 277 ഫയലുകൾ നടപടി എടുക്കാതെ അവശേഷിക്കുന്നു. (ഓഡിറ്റ് അന്വേഷണം നമ്പർ 37/30.09.24)

**ജീവനക്കാര്യം**

ഇൻകുമ്പൻസി മാസ്റ്റർ രജിസ്റ്റർ, സേവന പുസ്തക സ്റ്റോക്ക് രജിസ്റ്റർ, കാഷ്വൽ ലീവ് രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, പരാതി രജിറ്റർ മുതലായവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. സ്യൂട്ട് രജിസ്റ്റർ, വിവരാവകാശ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നു.

**സർക്കാരിലേക്ക് ഒടുക്കേണ്ട അംശദാനങ്ങൾ**

ഇൻകംടാക്സ്, ജി.എസ്.ടി, തൊഴിലാളി ക്ഷേമ നിധി പെൻഷൻ, ലൈബ്രറി സെസ് മുതലായവ പിഴ കൂടാതെ ഒടുക്കിവരുന്നു.എസ്.എൽ.ഐ., ജി.ഐ.എസ്. എന്നിവ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ സബ്സ്ക്രിപ്ഷൻ എടുപ്പിച്ച് എല്ലാ റിക്കവറികളും 5 ാം തീയതിക്കകം അടവാക്കുന്നുണ്ട്.

**തനത് വരുമാനം**

2023-24 സാമ്പത്തിക വർഷം പഞ്ചായത്ത് തൻവർഷത്തേയും മുൻവർഷങ്ങളിലേയും തനതു വരുമാനം പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല. വസ്തുനികുതി ആർ.ആർ. ഉൾപ്പെടെ 96.3% പിരിച്ചെടുത്തിട്ടുണ്ട്. ലൈസൻസ്, തൊഴിൽനികുതി, എന്നിവയിൽ കുടിശ്ശിക ഇല്ല.വാടകകുടിശ്ശിക ഉള്ളതിനാൽ ആർ.ആർ ചെയ്യിട്ടുണ്ട്. നികുതി പിരിവ് പുരോഗതി ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി മോണിറ്റർ ചെയ്യുന്നുണ്ട്.

**ഗ്രാമസഭ**

ഗ്രാമസഭാ നിയമം അനുശാസിക്കുന്ന പ്രകാരം നിശ്ചിത ഇടവേളകളിൽ ചേരുന്നില്ല. 2023-24 വർഷം എല്ലാ വാർഡുകളിലും രണ്ട് പ്രാവശ്യം മാത്രമേ ഗ്രാമസഭ കൂടിയിട്ടുള്ളൂ. വിവിധ പദ്ധതികളിലേക്കുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ, ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, ബ്ലോക്ക് പഞ്ചായത്തുകളിലേക്കുള്ള ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി ആക്ഷൻ പ്ലാൻ അംഗീകരിക്കൽ, ദുരന്തനിവാരണ പദ്ധതി, 2024-25 വാർഷിക പദ്ധതി രൂപീകരണം എന്നിവയാണ് ഗ്രാമസഭകളിലെ പ്രധാന അജണ്ടകൾ.

അധികാരവികേന്ദ്രീകരണത്തിൽ ഗ്രാമസഭകൾക്ക് പഞ്ചായത്ത് ഭരണനിർവ്വഹണത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഇടപെടലുകളും നിർദ്ദേശങ്ങളും നൽകാമെന്നിരിക്കേ പദ്ധതി നിർദ്ദേശങ്ങൾ നൽകുന്നതിലേക്കും ഗുണഭോക്തൃ തിരഞ്ഞെടുപ്പിലും മാത്രമായി ഗ്രാമസഭാപ്രവർത്തനങ്ങൾ ഒതുങ്ങിപ്പോകുന്നു. പദ്ധതി നിർവ്വഹണഘട്ടത്തിലും പൂർത്തീകരിച്ചതിനു ശേഷവുമുള്ള കാര്യങ്ങൾ പരിശോധിക്കപ്പെടേണ്ടതും സ്വതന്ത്രവും നിഷ്പക്ഷവുമായ വിലയിരുത്തലുകൾ ഉണ്ടാകേണ്ടതുമാണ്.

ഗ്രാമസഭകളിൽ ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്യപ്പെടുന്നില്ല. ഗ്രാമസഭകളിലേയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്. എന്നാൽ അതുണ്ടായിട്ടില്ല. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**വർക്കിംഗ് ഗ്രൂപ്പ്**

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്ക്കരിച്ച് ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്.എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ എല്ലാ പദ്ധതികളുടെയും ഫയലുകളിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ഇല്ല.

**അക്കൗണ്ടുകൾ**

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്. തൻവർഷം ലഭിച്ച സർക്കാർ ഗ്രാന്റുകൾ, സംയുക്ത പ്രൊജക്ടുകൾക്കായും പ്രത്യേക ഉദ്ദേശങ്ങൾക്കായും ലഭിച്ച ഫണ്ടുകളുടെ നീക്കിയിരിപ്പ് തുടങ്ങിയവയുടെ കൃത്യമായ കണക്കുകൾ അക്കൗണ്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

**ആഭ്യന്തരനിയന്ത്രണസംവിധാനം കുടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്ന അപാകതകൾ പരിഹരിക്കേണ്ടതുണ്ട്.**

പഞ്ചായത്തിൻറെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതികൾ കൃത്യമായി ഈടാക്കേണ്ടതുണ്ട്.

ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിൽ ചേർക്കുന്ന എൻട്രികൾ ഏത് വർഷവുമായി ബന്ധപ്പെട്ടതാണെന്ന് കൃത്യമായി രേഖപ്പെടുത്തുന്നില്ല, റോഡ്പ്ലൂണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തിയാകുന്നതിൽ കാലതാമസം നേരിടുന്നു.

സ്വന്തം ആസ്തികളിൽത്തന്നെയോണോ പൊതുമരാമത്ത് പ്രവൃത്തികൾ ചെയ്യുന്നത് എന്ന് ബന്ധപ്പെട്ട എസ്റ്റിമേറ്റ് റിപ്പോർട്ടുകളിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കണം.തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ എത്രയും പെട്ടെന്ന് തീർപ്പാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാൻ കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കുവാനും അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-9 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 34,041 | 16,65,198 | 16,99,239 | 16,93,169 | 6,070 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 5,04,59,000 | 5,04,59,000 | 5,04,59,000 | 0 |
| **ആകെ** | **34,041** | **5,21,24,198** | **5,21,58,239** | **5,21,52,169** | **6,070** |

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2020 ജനുവരി | 2019 നവംബർ മുതൽ ഡിസംബർ വരെ | 16/01/2020 |

| | | | |
|---|---|---|---|
| അക്കൗണ്ട്സ് ജനറലിന്റെ ഓഡിറ്റ് | 2017 മാർച്ച് | 2016-17 | 07/09/2018 |

## 1-11 സമയബന്ധിതമായി ലേലം ചെയ്യുന്നില്ല

2023-24 സാമ്പത്തിക വർഷത്തെ ലേല രജിസ്റ്ററുകൾ, അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

1) ലേലം ചെയ്യാൻ തീരുമാനിച്ച ചുവടെ പറയുന്നവ വിവിധ കാരണങ്ങളാൽ ലേലം ചെയ്യപ്പെടാതെ നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്നു. ഇവ ലേലം നടത്താൻ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.25/28.09.2024 ന് മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം. | ലേല ഇനം | വാല്യുവേഷൻ തുക | ലേല രജിസ്റ്റർ പ്രകാരം, ലേലം നടക്കാത്തതിന്റെ കാരണം |
|---|---|---|---|
| 1 | ഊന്നൻപാല കൊല്ല അങ്കണവാടിയിലേക്ക് പോകുന്ന വഴിയിൽ നിൽക്കുന്ന മാവ്, പുളി എന്നിവയുടെ പുനർലേലം | 4,744/- | ലേലത്തിൽ ആരും പങ്കെടുത്തില്ല |
| 2 | 6-ാം വാർഡിൽ മണ്ഡപത്തിലേക്ക് പോകുന്ന വഴിയിൽ ഇടത് വശം നിൽക്കുന്ന ആഞ്ഞിലി മരം | 6,321/- | സ്വകാര്യ വ്യക്തി തർക്കം ഉന്നയിച്ചു |
| 3 | ചന്ദ്രമംഗലം അങ്കണവാടി പരിസരത്തെ തെങ്ങുകളിൽ നിന്നുള്ള മേലാദായം | 3,000/- | ലേലത്തുക കൂടുതലായതിനാൽ പങ്കെടുത്തവർ ലേലം വിളിക്കാൻ തയാറായില്ല. |
| 4 | ചുള്ളിമാനൂർ മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് | 13,300/- | ലേലം കൊണ്ടത് കമ്മിറ്റി അംഗീകരിക്കാത്തതിനാൽ പുനർലേലലം ചെയ്യാൻ തീരുമാനിച്ചു. |
| 5 | ആയുർവേദ ആശുപത്രി പരിസരത്ത് ഉണങ്ങി അപകടകരമായി നിന്ന മരങ്ങളുടെ മുറിച്ചിട്ടിരിക്കുന്ന ശിഖരങ്ങളുടെ ലേലം | 2,000/- | ലേലത്തിൽ ആരും പങ്കെടുത്തില്ല |
| 6 | ഷീ ടോയ്‌ലറ്റിന്റെ ലേലം | 9,498/- | ലേലത്തിൽ ആരും പങ്കെടുത്തില്ല |

എത്രയും വേഗം പുനർലേലം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതും തുടർ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2) 4-ാം വാർഡിൽ ആനാട്-ശക്തിപുരം റോഡിൽ നാലുമുക്ക് എന്ന സ്ഥലത്ത് റോഡ് സൈഡിൽ അപകടാവസ്ഥയിൽ നിൽക്കുന്ന ഇലവ് മരം സ്വകാര്യവ്യക്തിയുടെ പരാതിയിൻമേൽ 16.09.2023 തീയതിയിലെ യോഗതീരുമാന പ്രകാരം മുറിച്ചുമാറ്റുകയും സോഷ്യൽ ഫോറസ്റ്ററി വാല്യുവേഷൻ തുകയായി 20,249/- രൂപ വില നിർണ്ണയം നടത്തുകയും ചെയ്തു. എന്നാൽ മുറിച്ചു മാറ്റിയ മരം ലേലം ചെയ്യുന്നതിന് നടപടികളായിട്ടില്ല. ലേല നടപടികൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/20.09.2024) 23.02.2024, 20.07.2024 തീയതികളിൽ ലേലം നടത്തിയെങ്കിലും ലേലത്തിൽ ആരും പങ്കെടുത്തില്ലെന്നും ആയതിനാൽ മൂന്നാമത് ഒരു ലേലം കൂടി നടത്തി ലേലം പിടിക്കാൻ ആരും തയാറാകാത്ത പക്ഷം ക്വട്ടേഷൻ നടപടികൾ സ്വീകരിക്കുന്നതാണ് എന്നും മറുപടി നൽകി. നടപടികൾ പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 IFTE & OS ലൈസൻസ് - അപാകങ്ങൾ

ട്രേഡ്രേഴ്സ് ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങൾ | 318 |
| ട്രേഡേഴ്സ് ലിസ്റ്റ് 2023-24 പ്രകാരം പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങൾ | 109 |
| ട്രേഡേഴ്സ് ലിസ്റ്റ് 2022-23 പ്രകാരം പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങൾ | 280 |

ലൈസൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ എണ്ണത്തിന് അനുസൃതമായി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല. മേൽ അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (4/24.09.2024) 318 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടെന്നും 2022-23 സാമ്പത്തിക വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് മുഴുവനായും ക്യാരി ഓവർ ചെയ്യാത്തതിനാലാണ് 2023-24 സാമ്പത്തിക വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ അപാകത വന്നതെന്നും മറുപടി ലഭ്യമാക്കി. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.

2) റേഷൻ കടകൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, ജിംനേഷ്യങ്ങൾ എന്നിവ ലൈസൻസ് എടുത്തിട്ടില്ല. അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (4/24.09.2024) ടി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന വിവരം അന്വേഷണം നടത്തി ലൈസൻസ് എടുപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകി. വിശദമായ പരിശോധന നടത്തി ലൈസൻസില്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

3) ആനാട് ജംഗ്ഷനു സമീപം പ്രവർത്തിക്കുന്ന 'ആനാട് സ്പോർട്ട്സ് ഹബ്ബ്' എന്ന ഇൻഡോർ പ്ലേഗ്രൗണ്ട് ലൈസൻസ് എടുത്തിട്ടില്ല. അപാകത്തിനുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം.6/24.09.2024) ലൈസൻസ് എടുക്കാനായി പ്രസ്തുത

സ്ഥാപനത്തിന് കത്ത് നൽകുന്നതാണെന്ന് മറുപടി നൽകി. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആനാട് സ്പോർട്ട് ഹബ്ബ് ലൈസൻസ് എടുത്ത ശേഷം രേഖകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-13 രസീത് പരിപാലനത്തിലെ അപാകങ്ങൾ

രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 21/6/2023 ന് മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി ക്ക് രസീത് ബുക്ക് നം. 7735 നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത രസീത് ബുക്ക് പരിശോധനയ്ക്കായി ഹാജരാക്കിയില്ല. രസീത് ബുക്ക് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് റിക്വസിഷൻ നം. 2 നൽകിയെങ്കിലും ബുക്ക് ലഭ്യമാക്കിയില്ല. രസീത് ബുക്ക് നം. 7735 ഓഡിറ്റിന് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-14 സ്വകാര്യ പ്രാക്ടീസ് നടത്തുന്ന അഭിഭാഷകരും, എഞ്ചിനീയർമാരും, ഡോക്ടർമാരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 എ (I) പ്രകാരം ആകെ അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്തിനുള്ളിലോ, 204 എ (II) പ്രകാരം ആകെ അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനുവെളിയിലോ ഒരു തൊഴിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യാഗം വഹിക്കുന്നതോ, 204 ബി പ്രകാരം ആകെ അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതാരാളിന്റെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ പഞ്ചായത്ത് പ്രദേശത്ത് ഡോക്ടർമാരുടേയും, എഞ്ചിനീയർമാരുടേയും, അഭിഭാഷകരുടെയും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് (02/09.2024) മറുപടിയായി ഇവരുടെ വിവരങ്ങൾ ലഭിച്ചിരുന്നില്ല എന്നാണ് അറിയിച്ചത്. എന്നാൽ, പുതിയ ആശുപത്രികൾ തുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടുവെന്നും, ഈ ആശുപത്രികളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-15 വാടകയ്ക്ക് നൽകിയിരിക്കുന്ന കട മുറികളിൽ നിന്നും കൃത്യമായി വാടക ഈടാക്കുന്നില്ല.

പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിൽ വാടകയ്ക്ക് നൽകിയിരിക്കുന്ന കട മുറികളിൽ ചുവടെ വിവരിക്കുന്നരിൽ നിന്നും വാടക ഈടാക്കുന്നില്ല.

| വാടകക്കാരന്റെ പേര് | കട മുറി നം. | വാടക ഈടാക്കാത്ത കാലയളവ് | വാടക | മറുപടി |
|---|---|---|---|---|
| സജീർഎസ്, ഫാത്തിമ മൻസിൽ, കുന്നത്ത്കോണം, ആനാട് | 3 | 2023 ജൂലൈ മുതൽ 2024 മാർച്ച് വരെ | 926 + 83 + 83 (കറന്റ് ചാർജ്) | രണ്ടാഴ്ച്ചയ്ക്കകം വാടക ഒടുക്കുമെന്നും അല്ലാത്തപക്ഷം തുക ഈടാക്കുന്നതിനുള്ള തുടർനടപടികൾസ്വീകരിക്കുമെന്നുമാണ് ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് (01 /19.09.2024) മറുപടി നൽകിയത്. |
| ശോഭന, കുളവിയോട് വീട്, ആനാട് | 7 | 2023 ഏപ്രിൽ മുതൽ 2024 മാർച്ച് വരെ | 926 + 83 + 83 (കറന്റ് ചാർജ്) | കുടിശ്ശിക തുക അടവാക്കാത്തതിന് നോട്ടീസ് നൽകുകയും, റവന്യു റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്തതായി അറിയിച്ചിട്ടുണ്ട്. |

വാടക തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. കൂടാതെ 6, 8 നമ്പർ കടമുറികൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞ് കിടക്കുന്നതായും കാണുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വഷണത്തിന് (നം. 1/19.09.24) ടി കടമുറികൾക്ക് ആവശ്യക്കാർ ഇല്ല എന്നാണ് സെക്രട്ടറി അറിയിച്ചത്. എല്ലാ കടമുറികളും വാടകയ്ക്ക് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 റേഷൻ കടകൾ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

ആനാട് ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ നിന്നും ലൈസൻസ്, തൊഴിൽ നികുതി ഈടാക്കുന്നില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി.എസ്)എ 9-764/2019 നമ്പർ കത്തിൽ എല്ലാ റേഷൻ കടകളും തൊഴിൽ നികുതിയും, ലൈസൻസ് ഫീസും ഒടുക്കണമെന്ന സ്പഷ്ടീകരണം ലഭിച്ച സാഹചര്യത്തിൽ, ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് (02/19.09.2024) മറുപടി നൽകി. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 മോഹൻ ദാസ് എഞ്ചിനീയറിങ്ങ് കോളേജ് തൊഴിൽ നികുതി അടവാക്കുന്നില്ല

ആനാട് ഗ്രാമ പഞ്ചായത്തിലെ 2023-'24 വർഷത്തെ അവസ്ഥാരേഖ പ്രകാരം പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന മോഹൻ ദാസ് എഞ്ചിനീയറിങ്ങ് കോളേജിൽ 321 സ്ഥിരം ജീവനക്കാർ ഉണ്ട്. എന്നാൽ, മോഹൻ ദാസ് എഞ്ചിനീയറിങ്ങ് കോളേജ് തൊഴിൽ നികുതി അടവാക്കുന്നില്ല. ടെക്നിക്കൽ എഡ്യുക്കേഷൻ വകുപ്പ് മുഖേന

തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് (36/09.2024) മറുപടി നൽകി. ടി സ്ഥാപനത്തിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-18 ടേക്ക് എ ബ്രേക്ക് - അവലോകനം

ടേക്ക് എ ബ്രേക്ക് - അവലോകനം

GO (Rt) No. 39/2020/LSGDdt. 20.02.2020 ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച് 2022-23ൽ പണി പൂർത്തിയാക്കിയ ടേക്ക് എ ബ്രേക്ക് പദ്ധതി വാട്ടർ കണക്ഷൻ കിട്ടാത്തത് മൂലം നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല.

പ്രോജക്ട് നമ്പർ 230/22 പന്ത്രണ്ടിന പരിപാടി ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം മൂഴിയിലെ ടോയിലറ്റ് നവീകരണം, എന്ന പ്രവൃത്തിയിൽ ടി സ്ഥലത്ത് നിലവിലുണ്ടായിരുന്ന ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന്റെ ഷീറ്റ് റൂഫിംഗ് ഉള്ള ടോയ്‌ലറ്റിന്റെ റൂഫ്, ആർ.സി.സി റൂഫിംഗ് ആക്കി മാറ്റുന്നതിനും മറ്റ് അറ്റകുറ്റപണികൾക്കുമായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. ടി പ്രവൃത്തിയുടെ മൊത്തം അടങ്കൽ തുക 3,00,000/- രൂപയാണ്. 2,99,640/- രൂപയ്ക്ക് ടി പ്രവൃത്തി 30.12.2022 ന് പൂർത്തീകരിച്ചു. റൂഫ് ആർ.സി.സി ആക്കി മാറ്റുന്നതിനൊപ്പം ചുറ്റുമതിൽ നിർമാണം,ഗ്രിൽ വർക്ക് പ്ലംബിംഗ് വർക്ക് എന്നീ പ്രവൃത്തികൾ കൂടി ചെയ്തിട്ടുണ്ട്. 30.12.2022 ന് പൂർത്തീകരിച്ച പ്രവൃത്തി വാട്ടർ കണക്ഷൻ ലഭിക്കാത്തതിനാൽ 2 വർഷത്തോളം പ്രവർത്തിച്ചില്ല. 30.09.2024 ന് ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ ടോയ്‌ലറ്റിന് ഉപയോഗിച്ചിരിക്കുന്ന ഡോർ ഫിറ്റിംഗ്സുകൾ തുരുമ്പിച്ച അവസ്ഥയിലും, ഹാൻഡ് വാഷ് ടാപ്പുകൾ, ഫൈബർ ഡോറുകൾ എന്നിവ ഇളകി മാറിയ നിലയിലും ആയിരുന്നു. പ്രസ്തുത ടോയ്‌ലറ്റ് കോംപ്ലക്സുകൾ 02.10.2024 ന് ഉദ്ഘാടനം ചെയ്യുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതായി ഓഡിറ്റ് എൻക്വയറി നമ്പർ 40/2024 തീയതി. 30.09.2024 പ്രകാരം സെക്രട്ടറി അറിയിച്ചിട്ടുണ്ട്.




## 1-19 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 1,66,250/- രൂപ തടസ്സം ചെയ്യുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രവൃത്തികളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ വിശദാംശം | റിമാർക്സ് | ഓഡിറ്റ് എൻക്വയറി നം. 19/26.02.2024 ന് ലഭ്യമാക്കിയ മറുപടി |
|---|---|---|---|
| 1 | പ്രോജക്ട് നം.27<br>പേര്- പോസ്റ്റ് മാറ്റി സ്ഥാപിക്കൽ<br>അടങ്കൽ- തനത് ഫണ്ട് 3,00,000<br>ചെലവ്- ചെക്ക് നം. 030061/3.11.23-4,669<br>356204/26.2.2024-272202<br>030693/18.3.24- 4,321<br>030608/27.3.24- 7661 | 2,81,341 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ആണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്.<br>7,512 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | ചില സാങ്കേതിക കാരണങ്ങളാൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞില്ലായെന്നും പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. |

| | | | |
|---|---|---|---|
| | ആകെ – 2,88,853 | | |
| 2 | പ്രോജക്റ്റ് നം. 19<br>പേര്- IKM വിഹിതം നൽകൽ<br>അടങ്കൽ- വികസനഫണ്ട് 1,58,738<br>ചെലവ്-ബിൽ നം. 117/11.8.23- 1,58,738 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി |

മേൽപ്പറഞ്ഞ ചെലവുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ടി ചെലവ് തുക 1,66,250 രൂപ (7512 + 158738) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 പ്രോക്യൂർമെന്റ് കമ്മിറ്റി - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

തദ്ദേശ സ്ഥാപനങ്ങളിലെ എല്ലാ സാധനങ്ങളുടെയും, സേവനങ്ങളുടെയും വാങ്ങൽ 8.11.2010 മുതൽ സർക്കാർ ഉത്തരവ് (പി) 259 / 2010 / ത.സ്വ.ഭ.വ. അനുസരിച്ചായിരിക്കേണ്ടതാണ്. എന്നാൽ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ടെക്നിക്കൽ ടീം (വർക്കിംഗ് ഗ്രൂപ്പ്) ആണ് സാധനങ്ങളുടെ ആവശ്യകതയും, സ്പെസിഫിക്കേഷനും അടക്കം പ്രാഥമികകാര്യങ്ങൾ തീരുമാനിക്കേണ്ടത്. സാധന സേവന പ്രൊക്യൂർമെന്റ് നടത്തുമ്പോൾ പൊതുപണം ശരിയായ രീതിയിൽ വിനിയോഗിക്കുന്നുവെന്നും, സുതാര്യത നിലനിർത്തി നല്ല പ്രവർത്തനം തദ്ദേശസ്ഥാപനം കാഴ്ചവെയ്ക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് പൊതുജനങ്ങൾ ഉൾപ്പെടുന്ന സോഷ്യൽ ഓഡിറ്റ് കമ്മിറ്റി വിഭാവനം ചെയ്യണം. ഗുണഭോക്താക്കളിൽ സേവനങ്ങളെ കുറിച്ച് ഉദ്ബോധനം നടത്തേണ്ടതും, പ്രൊക്യൂർമെന്റ് നടപടികളിൽ സുതാര്യത പാലിച്ചുവെന്നും, ഗുണനിലവാരം, കാര്യക്ഷമത എന്നിവ വാങ്ങലിൽ പാലിച്ചുവെന്നും ഉറപ്പാക്കേണ്ടത് ഈ കമ്മിറ്റിയാണ്. വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയംഗങ്ങൾ ആവശ്യകത തിരിച്ചറിയുന്നതിനും, മുൻഗണന നിശ്ചയിക്കുന്നതിലും പങ്കാളിയാവണം. പ്രൊക്യൂർമെന്റ്, ടെണ്ടർ ഓപ്പണിംഗ്, വിലയിരുത്തൽ എന്നിവ മോണിറ്റർ ചെയ്യേണ്ടതും ഈ കമ്മിറ്റിയാണ്. സാമ്പത്തിക വർഷാവസാനം സോഷ്യൽ ഓഡിറ്റ് കമ്മിറ്റി സമാഹൃത റിപ്പോർട്ട് ഗ്രാമസഭയിൽ വയ്ക്കേണ്ടതും, നിർവ്വഹണ ഉദ്യോഗസ്ഥർ സംശയദൂരീകരണം വരുത്തുകയും വേണം.ഗ്രാമ പഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മറ്റി മിനുട്ട് പരിശോധിച്ചതിൽ അത്തരം ഇടപെടലുകൾ നടത്തിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 22/27.02.2024

ന് പ്രസ്തുത ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകൾ സംബന്ധിച്ചുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ സ്റ്റോർ പർച്ചേസ് മാനുവൽ, കാലാ കാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാങ്ങൽ പ്രവർത്തനങ്ങൾ നടക്കുന്നത്.

**സ്ഥാപനം നടത്തിയ വാങ്ങൽ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.**

1) പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ഖണ്ഡിക 2.3ൽ നിർദ്ദേശിച്ച പ്രകാരമുള്ള വാർഷിക പ്രൊക്യൂർമെന്റ് പ്ലാൻ സ്ഥാപനം തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 22/27.02.2024 ന് വാർഷിക പദ്ധതിയ്ക്ക് അംഗീകാരം ലഭിക്കുമെന്നതിനാലും വാങ്ങലുകളെല്ലാം തന്നെ വാർഷിക പദ്ധതിയുടെ ഭാഗമായതിനാലും നിലവിൽ പ്രത്യേകമായി പ്രോക്യൂർമെന്റ് പ്ലാൻ തയ്യാറാക്കുന്നില്ല എന്നും അടുത്ത സാമ്പത്തിക വർഷം മുതൽ വർഷാരംഭം തന്നെ പ്രോക്യൂർമെന്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2) ഖ.4.2.4-ലെ വ്യവസ്ഥ പ്രകാരം പ്രൊക്യൂർമെന്റ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്.എന്നാൽ ടി വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 22/27.02.2024 ന് നിലവില് സോഷ്യൽ ഓഡിറ്റ് കമ്മിറ്റി നോമിനികളായ രണ്ട് പേർ പ്രോക്യൂർമെന്റ് കമ്മിറ്റി യോഗങ്ങളിൽ പങ്കെടുക്കുകയാണ് ചെയ്ത് വരുന്നതെന്നും അടുത്ത സാമ്പത്തിക വർഷം മുതൽ ഗ്രാമപഞ്ചായത്തിന്റെ വാങ്ങലുകൾ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്

3) കേരള ഫിനാൻഷ്യൽ കോഡ് വോള്യം I ആർട്ടിക്കിൾ 156, 157 എന്നിവ പ്രകാരമുള്ള സർവേ റിപ്പോർട്ട് ഓഫ് സ്റ്റോക്ക് , റിപ്പോർട്ട് ഓഫ് സർപ്ലസ് സ്റ്റോക്ക് ഫോർ ഡിസ്പോസൽ എന്നിവ തയ്യാറാക്കിയിട്ടില്ല

4) കേരള ഫിനാൻഷ്യൽ കോഡ് വോള്യം I ആർട്ടിക്കിൾ 150 പ്രകാരമുള്ള ഫർണിച്ചറുകളുടെ സ്റ്റോക്ക് രജിസ്റ്റർ, കെ.എഫ്.സി.ഫോം19ന്റെ മാതൃകയിൽ പുസ്തകങ്ങളുടെയും ആനുകാലികങ്ങളുടെയും സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിപാലിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 22/27.02.2024 ന് ഫർണിച്ചറുകളുടെ വിവരങ്ങൾ മൂവബിൾ അസറ്റ് രജിസ്റ്ററിലും പുസ്തകങ്ങളുടേയും ആനുകാലികങ്ങളുടേയും വിവരങ്ങൾ പ്രത്യേക സ്റ്റോക്ക് രജിസ്റ്ററിലും എഴുതി പരിപാലിക്കുന്നുണ്ടെന്നും കേരള ഫിനാൻഷ്യൽ കോഡിന്റെ അടിസ്ഥാനത്തിലുള്ള സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

5. കമ്മറ്റി കൂടുന്നതിനു മുൻപായി കമ്മറ്റി അംഗങ്ങൾക്ക് നോട്ടീസ് നൽകുന്നുവെന്ന് ഉറപ്പാക്കാനുതകുന്ന രേഖകൾ ലഭ്യമാക്കിയില്ല. പ്രോക്യൂർമെന്റ് കമ്മിറ്റിയിലെ സോഷ്യൽ ഓഡിറ്റ് അംഗങ്ങൾക്ക് രേഖാമൂലം യോഗഅറിയിപ്പ് നൽകുന്നുണ്ടെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും അവയ്ക്ക് ആധാരമായ മറുപടികൾ ലഭ്യമാക്കിയിട്ടില്ല.

6. എല്ലാ വാങ്ങലുകളെ സംബന്ധിച്ചും പ്രോക്യൂർമെന്റ് കമ്മിറ്റി ചർച്ച ചെയ്ത് തീരുമാനിച്ചിട്ടില്ല.

ഉദാ. പ്രോജക്ട് നം. 261, 66, 229. അവ GEM മുഖേനയുള്ള വാങ്ങലുകളായതിനാലാണ് പ്രോക്യൂർമെന്റ് കമ്മിറ്റിയിൽ ചർച്ച ചെയ്യാത്തതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ഭാവിയിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ പ്രോക്യൂർമെന്റ് ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

## 1-21 KEL സ്ഥാപിച്ച തെരുവുവിളക്കുകൾ നിശ്ചിത സ്പെസിഫിക്കേഷനിലുള്ളതല്ല - സംയുക്ത പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2022-23 വാർഷിക പദ്ധതിയിൽ 24 W എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് കരാർ നൽകിയിരുന്ന KEL എന്ന സ്ഥാപനം 338 ലൈറ്റുകൾ സ്ഥാപിച്ചു നൽകിയിട്ടുള്ളതാണെന്നും എന്നാൽ തെരുവ് വിളക്ക് പരിപാലനത്തിനായി പുതുതായി നിയമിച്ചിട്ടുള്ള ഇലക്ട്രീഷ്യൻ തെരുവ് വിളക്ക് റിപ്പയറിംഗിന്റെ ഭാഗമായി പരിശോധന നടത്തിയപ്പോൾ KEL സ്ഥാപിച്ചിട്ടുള്ളത് ഡൊമസ്റ്റിക്ക് ഉപയോഗത്തിനുള്ള ടോപ്പ് ലൈറ്റുകളാണെന്നും, ഇൻഡസ്ട്രിയൽ ഉപയോഗത്തിനുള്ള സ്ട്രീറ്റ് ലൈറ്റുകളല്ലെന്നും കണ്ടെത്തിയതിനാൽ ആയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് പ്രസ്തുത സ്ഥാപനത്തിന് നോട്ടീസ് നൽകുന്നതിനും,ടി സ്ഥാപനം ലഭ്യമാക്കുന്ന മറുപടി തൃപ്തികരമല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത സ്ഥാപനത്തിനെതിരെ നിയമ നടപടി സ്വീകരിക്കുന്നതിനും ഭരണസമിതിയുടെ 1.1.24 തീ 1(2) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ തുടർനടപടി വിവരംആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 21/ 27.02.2024 ന് കെൽ ന് നൽകിയ നോട്ടീസിന് സംയുക്ത ഓൺസൈറ്റ് പരിശോധന നടത്താമെന്ന് അറിയിച്ചിരുന്നുവെങ്കിലും 3.3.2024 ൽ ആയതിനായി ക്ഷണിച്ചു കൊണ്ട് കെൽ ന് കത്തു നൽകിയിരുന്നുവെങ്കിലും ടി സ്ഥാപനത്തിൽ നിന്ന് പ്രതികരണം ഒന്നും ഉണ്ടായിട്ടില്ലായെന്നും 24.7.2024 ന് കെൽ ന് അവസാന അവസരം എന്ന നിലയിൽ നോട്ടീസ് നൽകിയെങ്കിലും പ്രസ്തുത നോട്ടീസിനും മറുപടി ഉണ്ടായില്ലായെന്നും അതിനാൽ കെൽ നെതിരെ കേസ് ഫയൽ ചെയ്യുന്നതിന് 24.9.2024 ൽ 1(9) നം തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കേസ് സംബന്ധമായ തുടർ നടപടി വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഒപ്പം അക്രഡിറ്റഡ് ഏജൻസിയായ KEL കരാർ ലംഘനം നടത്തിയിട്ടുണ്ടെങ്കിൽ ടി വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

## 1-22 സൗജന്യമായി ലഭിച്ച ഭൂമി രജിസ്ട്രേഷൻ നടത്തുന്നതിന് തുക ചെലവഴിച്ചു

വൗച്ചർ നം. 22300049/24.4.2023, ചെക്ക് നം. 5894700/24.4.2023 പ്രകാരം 14,230 രൂപ ആറാം വാർഡിൽ അംഗൻവാടിയ്ക്ക് സൌജന്യമായി കിട്ടിയ ഭൂമി രജിസ്ട്രേഷൻ നടത്തുന്നതിനും മറ്റ് ചെലവുകൾക്കും വേണ്ടി വിനിയോഗിച്ചിട്ടുണ്ട്. എസ്. ആർ.ഒ നം. 86/2020 Dated 3.2.2020, G.O (P) No. 10/2020/TD Dated 30.01.2020 എന്നിവ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പേരിൽ വാങ്ങുന്ന ഭൂമിയ്ക്കും സ്വകാര്യ വ്യക്തികൾ സർക്കാരിലേയ്ക്കും തദ്ദേശ സ്ഥാപനങ്ങൾക്കും സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും പൊതു ആവശ്യത്തിനയി സംഭാവന ചെയ്യുന്ന ഭൂമിയ്ക്കും രജിസ്ടേഷൻ ഫീ ഒഴിവാക്കിയിട്ടുണ്ട്. അനുബന്ധ രേഖകൾ പ്രകാരം രജിസ്ടേഷൻ ഫീസ് ഇനത്തിൽ 2,230 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ഇപ്രകാരം അംഗൻവാടിയ്ക്കായി സൌജന്യമായി ലഭിച്ച ഭൂമി രജിസ്ടേഷൻ നടത്തുന്നതിന് 2,230 രൂപ ചെലവഴിച്ചതിന്റെ കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം, 32/29.9.2024 ന് രജിസ്ട്രേഷൻ വകുപ്പ് രജിസ്ടേഷൻ ഫീ ഈടാക്കുകയും ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നൽകുകയും ചെയ്യുവെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എസ്.ആർ.ഒ നം. 86/2020 Dated 3.2.2020, G.O(P)No. 10/2020/TD Dated 30.01.2020 എന്നിവ പ്രകാരം രജിസ്ടേഷൻ ഫീ ഒഴിവാക്കിയിട്ടുള്ള സ്ഥാപനത്തിന് രജിസ്ടേഷൻ ഫീ അടവാക്കിത് ശരിയായ നടപടിയല്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-23 തെരുവു നായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ് - ചെലവിൽ അവ്യക്തത

വൗച്ചർ നം. 22300273/5.7.2023 പ്രകാരം തെരുവു നായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പിലേയ്ക്കായി KL-21-M-1072 എന്ന വാഹനം ഓടിയതിന് 8,400 രൂപ നൽകിയിട്ടുണ്ട്. ശ്രീമതി സിന്ധു. വി എന്ന വ്യക്തിയാണ് തുക അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. എന്നാൽ തുക കൈമാറിയിട്ടുള്ളത് കീർത്തന എ. ജെ. എന്ന ഗുണഭോക്താവിന്റെ അക്കൌണ്ടിലേയ്ക്കാണ്. വാഹനത്തിന്റ ട്രിപ്പ് ഷീറ്റ് വൗച്ചറിനോടൊപ്പം ലഭ്യമല്ല, ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 32 ന് ശ്രീമതി സിന്ധു. വി.യുടെ ഓട്ടോയിലാണ് പോയതെന്നും വെറ്ററിനറി സർജനായ ശ്രീമതി കീർത്തന. എ. ജെ.യാണ് വണ്ടി ഏർപ്പാടാക്കിയതെന്നതിനാലാണ് തുക കീർത്തനയ്ക്ക് കൈമാറിയതെന്നും ഓട്ടോ ആയതിനാലാണ് ട്രിപ്പ് ഷീറ്റ് വൗച്ചറിൽ ഉൾപ്പെടാത്തതെന്നും മറുപടി ലഭ്യമാക്കി. തെരുവുനായ്ക്കൾക്ക് വാക്സിനേഷനുമായി ബന്ധപ്പെട്ട് വെറ്ററിനറി സർജൻ ആണ് വാഹനം ഏർപ്പാടാക്കിയത് എന്നത് തുക പ്രസ്തുത വ്യക്തിയുടെ അക്കൗണ്ടിലേയ്ക്ക് കൈമാറുന്നതിന് ന്യായീകരണമല്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതും യഥാർത്ഥ ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് മാത്രം തുക കൈമാറുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-24 ഡ്രൈവർക്ക് ടി.എ - സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.

ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 15.02.2024ലെ കത്ത് നം. 2629474/വ്യയം-സി1/104/2023/Finance പ്രകാരം 2019 ലെ പേറിവിഷൻ ഉത്തരവിലെ ഡ്രൈവർമാരുടെ യാത്രാബത്ത അനുവദിക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്തിയിട്ടുണ്ട്. ആയതു പ്രകാരം സർക്കാർ വകുപ്പുതല ഡ്രൈവർമാർ ദൈനംദിനജോലിയുടെ ഭാഗമായി വാഹനം ഓടിക്കുമ്പോൾ യാത്രാബത്ത അനുവദനീയമല്ലായെന്നും എന്നാൽ ഹാൾട്ട് വരുന്ന അവസരത്തിൽ യാത്രാബത്ത, ദിനബത്ത എന്നിവ കെ.എസ്.ആർ ഭാഗം II ലെ ചട്ടങ്ങൾ അനുസരിച്ച് അനുവദിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വൗച്ചർ പരിശോധിച്ചതിൽ വൗച്ചർ നം. 22300592/31.`10.2023, ചെക്ക് നം. 098562/31.10.2023 പ്രകാരം ഡ്രൈവർക്ക് യാത്രാബത്തയായി 5,950 രൂപ അനുവദിച്ചിട്ടുണ്ട്. ദൈനംദിനജോലിയുടെ ഭാഗമായി നടത്തിയ യാത്രകൾക്കാണ് യാത്രാബത്ത അനുവദിച്ചതായി കാണുന്നത്. ലഭ്യമാക്കിയ ടൂർ ഡയറികൾ പ്രകാരം ഹാൾട്ട് വരുന്ന അവസരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 32 ന് ഉത്തരവ് തീയതി മുതൽ ഡ്രൈവറുടെ യാത്രാബത്ത നൽകിയിട്ടില്ലായെന്ന് മറുപടി ലഭ്യമാക്കി. ടി.എ അനുവദിക്കുന്ന വേളയിൽ നിലവിലെ ഉത്തരവുകളും ചട്ടങ്ങളും പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-25 വാട്ടർ അതോറിറ്റി - വെള്ളക്കര കുടിശ്ശിക - വ്യക്തത വരുത്തേണ്ടതാണ്.

വാട്ടർ അതോറിറ്റിയുടെ ബില്ലുകൾ പ്രകാരം കുടിശ്ശികയിനത്തിൽ തുക അടവാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. (ഉദാഹരണം വാട്ടർ അതോറിറ്റിയുടെ ബിൽ നം. 83518/20.3.2024 പ്രകാരം 7,568 രൂപ കുടിശ്ശികയും 148/- രൂപ ഫൈൻ ഇനത്തിലും അടവാക്കാനുണ്ട്.) കുടിശ്ശികയിനത്തിൽ തുക അടവാക്കാൻ അവശേഷിക്കുന്നതിന്റെ കാരണം കുടിശ്ശികയിനത്തിലെ തുക അടവാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം എന്നിവ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 32 ന് ഗ്രാമപഞ്ചായത്ത് എല്ലാ മാസവും കൃത്യമായി വാട്ടർ അതോറിറ്റി ബിൽ അടവാക്കുന്നുണ്ടെന്നും വാട്ടർ അതോറിറ്റി വരവ് വച്ചതിലെ പിശക് നിമിത്തമാണ് 7,568 രൂപ കുടിശിക വന്നതെന്നും അത് പരിഹരിക്കുന്നതിനും സ്ട്രീറ്റ് ടാപ്പിന്റെ പ്രവർത്തന ക്ഷമത പരിശോധിക്കുന്നതിനുള്ള സംയുക്ത പരിശോധനയ്ക്ക് 2024-25 വർഷം കത്തു നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ പിശകുമൂലം ഡിമാന്റ് ചെയ്ത കുടിശ്ശിക തുക ഒഴിവാക്കാൻ തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-26 B-9 ഷെഡ്യൂൾ പ്രകാരം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകകൾ തിരികെ അടവാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

B-9 Schedule പ്രകാരം താഴെപ്പറയുന്ന തുകകൾ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നതായി കാണുന്നു. അവ തിരിച്ചടയ്ക്കാൻ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്

| ഹെഡ്ഡ് കോഡ് | ഇനം | തുക | ഓഡിറ്റ് എൻക്വയറി നം. 5 ന് ലഭ്യമാക്കിയ മറുപടി |
|---|---|---|---|
| 350200299 | Recoveries Payable Other Deductions | 45,825 | Head മാറി വരവ് വന്ന തുക ക്രമീകരിച്ച് സർക്കാരിലേയ്ക്ക് അടവാക്കേണ്ട തുക അടവാക്കി റിപ്പോർട്ട് ചെയ്യുന്നതാണ്. |
| 350300101 | Government And Other Dues Payble- Library Cess | 3,42,327 | തുക അടവാക്കി റിപ്പോർട്ട് ചെയ്യുന്നതാണ്. |
| 350300103 | Government And Other Dues Payble- VAT | 56331 | വാറ്റ് തുക സർക്കാരിലേയ്ക്ക് അടവാക്കുന്നതിന് സർക്കാരിന്റെ അനുമതി തേടുന്നതും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തിരിച്ചടയ്ക്കുന്നതുമാണ് |
| 350300111 | Government And Other Dues Payble- Flood Cess | 2,447 | തുക സർക്കാരിലേയ്ക്ക് അടവാക്കുന്നതിന് സർക്കാരിന്റെ അനുമതി തേടുന്നതും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തിരിച്ചടയ്ക്കുന്നതുമാണ് |
| 350300199 | Government And Other Dues Payble- Others | 40,941 | Head മാറി വരവ് വന്ന തുക ക്രമീകരിച്ച് സർക്കാരിലേയ്ക്ക് അടവാക്കേണ്ട തുക അടവാക്കി റിപ്പോർട്ട് ചെയ്യുന്നതാണ്. |

തുടർ നടപടി സ്വീകരിച്ച് വിവിരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-27 സോളാർ വാട്ടർ ഹീറ്റർ വാങ്ങൽ പ്രോജക്ട് - GEM മുഖേന വാങ്ങിയില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0062/24 |
| പ്രോജക്ടിന്റെ പേര് | സോളാർ വാട്ടർ ഹീറ്റർ വാങ്ങൽ |
| അടങ്കൽ | 1,00,000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 97,441/- |
| ബിൽ നമ്പർ (എ.സി.ആർ പ്രകാരം) | 631/04.03.2024 തുക 97,441/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ആയുർവേദം |

മേൽ പ്രോജക്ട് പ്രകാരം സോളാർ വാട്ടർ ഹീറ്റർ വാങ്ങുന്നതിനായി 04.03.2024 ന് 97,441/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ജി.ഒ(പി)നം.7/19/എസ്.പി.ഡി തീയതി 26-04-2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25,000/- രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കേണ്ടതാണ്, എന്നാൽ ടി പ്രോജക്ടിൽ ടെണ്ടർ മുഖേനയാണ് സോളാർ വാട്ടർ ഹീറ്റർ വാങ്ങിയിട്ടുള്ളത്. അപാകം സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (7/24.09.2024) ക്ക് പ്രസ്തുത സ്പെസിഫിക്കേഷനിലും ഗുണനിലവാരത്തിലും തുകയിലും ഒതുങ്ങുന്ന സോളാർ വാട്ടർ ഹീറ്റർ ജെം-ൽ ലഭ്യമല്ലായിരുന്നുവെന്നും ജെം-ൽ ഉണ്ടായിരുന്ന വിതരണക്കാർ സംസ്ഥാനത്ത് പുറത്ത് നിന്ന് ഉള്ളവരായിരുന്നതിനാൽ വില്പനാനന്തരസേവനം ലഭ്യമല്ലായിരുന്നുവെന്നും ആയതിനാൽ പഞ്ചായത്ത് കമ്മിറ്റിയുടെ പ്രത്യേക അനുമതി വാങ്ങി ടെണ്ടർ മുഖേന വാങ്ങുകയായിരുന്നു എന്നും മറുപടി നൽകി. സർക്കാർ ഉത്തരവിന് വിരുദ്ധമായി ടെണ്ടർ മുഖേന വാങ്ങുന്നത് ഉചിതമല്ല. ഭാവിയിൽ സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 ക്ഷാരസൂത്ര പ്രോജക്ട് - ഉപകരണം ലഭ്യമായിട്ടില്ല – 74,493/- രൂപ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0110/24 |
| പ്രോജക്ടിന്റെ പേര് | ക്ഷാരസൂത്ര |
| പ്രോജക്ടിന്റെ ലക്ഷ്യം | പൈൽസ്, ഫിസ്റ്റുല രോഗികൾക്ക് ആയുർവേദ ചികിത്സാരീതിയിൽ ശസ്ത്രക്രിയയ്ക്കുവേണ്ടിയുള്ള റൂം സജ്ജീകരിക്കാനുള്ള പദ്ധതി |
| അടങ്കൽ | 1,00,000/- (തനത് ഫണ്ട്) |
| ചെലവ് | 99,453/- |
| ബിൽ നമ്പർ (ബിൽ രജിസ്റ്റർ പ്രകാരം) | 030670/21.2.2024 തുക – 74,493/-<br>030696/19.03.2024 തുക – 24,960/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ആയുർവേദം |

മേൽ പ്രോജക്ട് പ്രകാരം പൈൽസ്, ഫിസ്റ്റുല രോഗികൾക്ക് ആയുർവേദ ചികിത്സാരീതിയിൽ ശസ്ത്രക്രിയയ്ക്കുവേണ്ടിയുള്ള റൂം സജ്ജീകരിക്കുന്നതിലേയ്ക്കായി 99,453/- രൂപ ചെലവഴിച്ചിട്ടുണ്ട്.

24,960/- രൂപയ്ക്ക് വാങ്ങിയ വസ്തുക്കളുടെ ടാക്സ് ഇൻവോയ്സും പ്രസ്തുത വസ്തുക്കൾ സ്റ്റോക്കിലെടുത്തതിന്റെ വിവരവും ലഭ്യമാണ് എന്നാൽ 17/02/2024 ന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് ഒ ടി ലൈറ്റ് ഷാഡോ-ലെസ്സ് സീലിംങ് മൗണ്ട് സിംഗിൾ ഡോം എന്ന ഉപകരണം വാങ്ങുന്നതിലേയ്ക്കായി 74,493/- രൂപ കൈമാറിയിട്ടുണ്ടെങ്കിലും പ്രസ്തുത ഉപകരണം ഇതുവരെയും ലഭ്യമായിട്ടില്ല. അപാകതയ്ക്കുള്ള വിശദീകരണം ആവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 23/27.09.2024) കേരള സർജിക്കൽ എക്യുപ്മെന്റ് കോ എന്ന സ്ഥാപനത്തിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ സപ്ലൈ ഓർഡർ നൽകിയതായും ഒക്ടോബർ 10 നുള്ളിൽ ഉപകരണം സപ്ലൈ ചെയ്യുന്നതാണെന്ന് അറിയിച്ചുകൊണ്ടുള്ള അവരുടെ കത്തിന്റെ പകർപ്പും മറുപടിയായി നൽകിയിട്ടുണ്ട്. പ്രസ്തുത ഉപകരണം ലഭ്യമാക്കി രേഖകൾ ഓഡിറ്റിന് സമർപ്പിക്കുന്നതുവരെ ടി ചെലവ് തുക 74,493/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഉപകരണം ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 1-29 പഠനമുറി നിർമ്മാണം ഇതുവരെയും പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 185/24 |
| പ്രോജക്ടിന്റെ പേര് | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി. |
| അടങ്കൽ തുക | 8,00,000/- |
| ചെലവ് തുക | 7,19,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 |

1) പദ്ധതി മാർഗ്ഗരേഖ പ്രകാരം 800 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വീടുകൾക്ക് 120 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള പഠനമുറി നിർമ്മിക്കുന്നതിനാണ് ധനസഹായം നൽകുന്നത്. ധനസഹായം കൈപ്പറ്റിയ ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെയും പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല

| ഗുണഭോക്താവ് | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | ആകെ കൈപ്പറ്റിയ തുക |
|---|---|---|
| അക്ഷയ്കുമാർ ബി ഷീജാഭവൻ,നാഗച്ചേരി | 10.01.2023 | 1,90,000/- |
| ശ്രീലക്ഷ്മി ബി.എസ്, നവലോട്ടുകോണം കോളനി,വേട്ടുംപള്ളി | 27.03.2023 | 1,90,000/- |

ഇത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 14/25.09.2024 ന് നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച് കത്ത് നൽകിയതിന് ഉടൻ തന്നെ നിർമ്മാണം പൂർത്തീകരിച്ച് അറിയിക്കും എന്നാണ് മറുപടി ലഭ്യമാക്കിയത്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 അതിദരിദ്രർക്കുള്ള ഭവന നിർമ്മാണം ഇതുവരെയും പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 174/24 |
| പ്രോജക്ടിന്റെ പേര് | ലൈഫ് 2020 ഭൂമിയുള്ള അതിദരിദ്രർക്ക് ഭവനനിർമ്മാണം |
| അടങ്കൽ തുക | 6,00,000/- |
| ചെലവ് തുക | 4,00,000/- |
| ഫണ്ട് | വികസനഫണ്ട്(പൊതുവിഭാഗം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -I |

ലൈഫ് ഭവന പദ്ധതി കരാർ വ്യവസ്ഥയനുസരിച്ച് 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ജയകുമാരി എൽ ബിനുഭവൻ കുണ്ടറകുഴി ഇരുനാട് എന്ന ഗുണഭോക്താവ് വി.ഇ.ഒ യുമായി 17.02.2023ൽ കരാറിൽ ഏർപ്പെടുകയും, ആദ്യ ഗഡു 08.03.2023 ൽ കൈപ്പറ്റുകയും, ആകെ 2 ലക്ഷം രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ഭവനനിർമ്മാണത്തിന്റെ തുടർപ്രവർത്തികൾ ഇതുവരെയും പൂർത്തീകരിച്ചിട്ടില്ല. അയതതിനാൽ ഇതിൻമേൽ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 15/25.09.2024 ന് അതിദരിദ്രവിഭാഗത്തിൽ ഉൾപ്പെട്ട ശ്രീമതി ജയകുമാരി എൽ എന്ന ഗുണഭോക്താവ് ബേസ്മെന്റ് കെട്ടിയതിനെ തുടർന്ന് രണ്ടാം ഗഡുവായി 1,60,000/- രൂപ അനുവദിച്ചുവെങ്കിലും തുടർപണികൾ ചെയ്യിട്ടില്ലെന്നും, കിടപ്പുരോഗിയായ ഗുണഭോക്താവ് നിലവിൽ ഈ പഞ്ചായത്ത് പരിധിയിൽ താമസം ഇല്ലെന്നും തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലുള്ള ബന്ധുഗൃഹത്തിൽ കഴിയുന്നതായും അറിയാൻ കഴിഞ്ഞെന്നും മൂന്നാമതായി അയച്ച രജിസ്റ്റേർഡ് നോട്ടീസ് തിരികെ മടങ്ങിയെന്നും വിവരം ഭരണസമിതിയെ അറിയിച്ചുവെങ്കിലും തീരുമാനപ്രകാരം നോട്ടീസ് നൽകുന്നതിന് ഈ മേൽവിലാസത്തിൽ താമസക്കാർ ഇല്ലെന്നുമാണ് മറുപടി ലഭ്യമാക്കിയത്. മേൽ പ്രവൃത്തിയുടെ കരാർ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല ചെലവ് തുക 5,12,000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ -2) നിർവ്വഹണ ഉദ്യോഗസ്ഥനായ 2023-24 സാമ്പത്തിക വർഷത്തെ ചുവടെ ചേർത്തിരിക്കുന്ന പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1) പ്രോജക്ട് നം. 186/24 വീട് വാസയോഗ്യമാക്കൽ എസ് സി ചെലവ് – 80,000/-
ബിൽ നം. - 199/05.10.2023 80,000/-

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 2023-24 സാമ്പത്തികവർഷം രണ്ട് ഗുണഭോക്താക്കൾക്ക് 40,000/- രൂപ വീതം ധനസഹായം വിതരണം ചെയ്തത് സംബന്ധിച്ച ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) പ്രോജക്ട് നം. 187/24 വ്യക്തിഗത ഗാർഗിക കക്കൂസ് നിർമ്മാണം ചെലവ് - 4,32,000/-

| | |
|---|---|
| ബിൽ നം. | 25/31.05.2023 - 96,000/-<br>121/14.08.2023 – 36,000/-<br>187/20.09.2023 – 12,000/-<br>222/17.10.2023 – 24,000/-<br>223/17.10.2023 – 60,000/-<br>267/08.11.2023 – 1,32,000/-<br>382/20.12.2023 - 72,000/- |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് 54 പേരുടെ അപേക്ഷകളും, 8 പേർക്ക് 12,000/- രൂപ വീതം ആകെ 96,000/- വിതരണം ചെയ്തതിന്റെ ട്രഷറി ബില്ലുകളുമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. പ്രോജക്ടുമായി ബന്ധപ്പെട്ട മറ്റ് വിശദാംശങ്ങൾ ഒന്നും ഹാജരാക്കിയിട്ടില്ല.

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം നം. 17/25.09.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവിനാധാരമായ രേഖകൾ ഹാജരാക്കാത്തതിനാൽ ടി ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 ഹരിതകർമ്മസേനയുടെ വാഹനം പ്രവർത്തനക്ഷമമല്ലാതെ തുടരുന്നു.

ഗ്രാമപഞ്ചായത്തിന് നെടുമങ്ങാട് ബ്ലോക്ക്പഞ്ചായത്തിൽ നിന്നും ഹരിതകർമ്മസേനാ പ്രവർത്തനങ്ങൾക്കായി ലഭിച്ച KL 21 X 9062 ഇലക്ട്രിക്ക് വാഹനം ഉപയോഗിക്കാതെ ഷെഡിൽ സൂക്ഷിച്ചിരിക്കുന്നു. വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 34/30.09.2024 ന് 20.03.2023 ന് കേരള ഓട്ടോ മൊബൈൽ ലിമിറ്റഡ് എന്ന കമ്പിനിയുടെ ഇ-ഓട്ടോ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ആണ് ലഭിച്ചതെന്നും, ഹരിതകർമ്മസേന ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ കയറ്റമുള്ള റോഡുകളിലൂടെ കൊണ്ട് പോകുന്നതിനുള്ള ബുദ്ധിമുട്ട് ഉള്ളതിനാൽ വാഹനം ലഭിച്ച നാളിതുമുതൽ ഉപയോഗിക്കുന്നില്ലയെന്നും,വാഹനം പ്രവർത്തനക്ഷമമല്ലായെന്ന് ബ്ലോക്ക്പഞ്ചായത്തിനെ അറിയിച്ചതിനെ തുടർന്ന് കേരള ഓട്ടോ മൊബൈൽ ലിമിറ്റഡ് കമ്പിനിയിലെ ഉദ്യോഗസ്ഥർ വാഹനം പരിശോധിക്കുകയും വാഹനത്തിന്റെ ചാർജ്ജർ പ്രവർത്തനരഹിതമായതിനാൽ ചാർജ്ജർ പരിശോധനയ്ക്കായി

കമ്പനിയിലേയ്ക്ക് കൊണ്ടുപോയിട്ടുള്ളതാണെന്നുമാണ് മറുപടി ലഭ്യമാക്കിയത്. വാഹനഉപയോഗം സംബന്ധിച്ച തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 ട്രഷറി ബില്ലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല ചെലവ് തുക 3,47,523/- രൂപ ഓഡിറ്റിൽ തടസ്സംവെയ്ക്കുന്നു

സർക്കാർ ഉത്തരവ് നം. 01/2021/ധന തീയതി 04.01.2021 പ്രകാരം എല്ലാ ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളിലേയും, സ്ഥാപനങ്ങളിലേയും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് മുഖേനയുള്ള പണമിടപാടുകൾ ഗുണഭോക്താവിന്റെ അക്കൌണ്ട് മുഖേന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2023-24 സാമ്പത്തിക വർഷം രാമപുരം ഗവ. യു.പി.എസ്. ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായ ചുവടെ ചേർത്തിരിക്കുന്ന പ്രവർത്തികളുടെ ചെലവു തുക ഗവ. യു.പി.എസ്. രാമപുരത്തിന്റെ പേരിലുള്ള കേരളാ ഗ്രാമീൺ ബാങ്ക് അക്കൗണ്ടിലേക്ക് (A/C No. 40326101095245) ക്രഡിറ്റ് ചെയ്ത ശേഷം ടി അക്കൗണ്ടിൽ നിന്നും പണമായി പിൻവലിച്ച് ചെലവ് ചെയ്യുന്നതായി കാണുന്നു. ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് അല്ല പണം ക്രഡിറ്റ് ചെയ്യുന്നത്. ആയതിനാൽ പ്രസ്തുത ചെലവിന്റെ സുതാര്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. ചെലവുമായി ബന്ധപ്പെട്ടവർക്ക് തുകകൾ നൽകിയത് സംബന്ധിച്ച ബില്ലിന്റെ പകർപ്പുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഏതാനും കൈപ്പറ്റ് രസീതുകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

| പ്രോ. നം. | പദ്ധതിയുടെ പേര് | ചെലവ് തുക | ബിൽ നം./തുക |
|---|---|---|---|
| 54 | സമഗ്ര പഠനാനുബന്ധ പരിപാടി | 60,000 | 652/18.01.24 – 10,000/-<br>663/19.03.24 – 30,000/-<br>664/19.03.24 – 20,000/- |
| 58 | ഗ്രാമ പഞ്ചായത്തിലെ ഗവ.സ്കൂളുകളിലെ ദൈനംദിന ചെലവുകൾ | 1,21,695 | 482/23.01.2024 – 1,21,695/- |
| 53 | പ്രീപ്രൈമറി പോഷകാഹാര പരിപാടി | 1,22,628 | 480/23.01.2024- 1,22,628/- |
| 214 | കുട്ടികൾക്ക് കലാ കായിക പരിശീലനം | 43,200 | 388/23.12.2023- 43,200/- |

ഈ ചെലവുകളുമായി ബന്ധപ്പെട്ട മുഴുവൻ ചെലവ് രേഖകളും ബില്ലുകളും പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 45/30.09.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ ചെലവുകളുമായി ബന്ധപ്പെട്ട തുകകൾ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. മുഴുവൻ ചെലവ് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 ലൈഫ് ഭവന നിർമ്മാണം ഇതുവരെയും പൂർത്തീകരിച്ചിട്ടില്ല

ലൈഫ് ഭവന പദ്ധതി കരാർ വ്യവസ്ഥയനുസരിച്ച് 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ആനാട് ഗ്രാമപഞ്ചായത്തിൽ വി.ഇ.ഒ. – I, വി.ഇ.ഒ. – II എന്നിവർ മുഖേന, ലൈഫ് ഭവന പദ്ധതിക്കായി ആദ്യ ഗഡു കൈപ്പറ്റിയ ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെയും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | ആകെ കൈപ്പറ്റിയ തുക |
|---|---|---|
| ഷിജു സി, പേഴുംമൂട് ചരുവിളവീട് വഞ്ചുവം | 09.12.2022 | 40,000/- |
| ഷീല ബി, കെ.കെ ഹൗസ്, വഞ്ചുവം, ചുള്ളിമാനൂർ | 10.02.2023 | 2,00,000/- |
| രമാമണി അമ്മ, ഇടവിളാകത്ത് വീട്, കോലിയക്കോട് | 06.03.2023 | 3,00,000/- |
| അജി, തട്ടതരികത്ത് വീട്, വടക്കേകോണം | 08.04.2021 | 3,90,000/- |
| രാജീവ്, ബഥേൽ ഭവൻ, നാഗച്ചേരി | 08.04.2021 | 1,60,000/- |
| ബിജുന്ദ്രബാബു, സജലാഭവൻ, വെമ്പ് | 08.04.2021 | 3,40,000/- |
| പ്രശാന്ത് ബി, കുന്നുംപുറത്ത് വീട്, ചന്ദ്രമംഗലം | 08.04.2021 | 3,83,000/- |
| സുധ സി, കല്ലാംകുന്ന് പുത്തൻവീട്, നാഗച്ചേരി | 27.05.2023 | 3,60,000/- |
| ബിനു ജി, കോലിയക്കോട് പുത്തൻവീട്, ഇരുനാട് | 30.03.2023 | 3,60,000/- |
| സുമ ജി, കല്ലറവിളവീട്, വേങ്കവിളവീട്, പഴകുറ്റി | 15.03.2023 | 40,000/- |
| സുധ ജി, കല്ലറവിളവീട്, വേങ്കവിളവീട്, പഴകുറ്റി | 15.03.2023 | 40,000/- |

ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടി വിവരം സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 12/25.09.2024 ന് നിർമ്മാണം പൂർത്തീകരിച്ച് കൊണ്ടിരിക്കുന്നവർക്ക് ബാക്കി ധനസഹായം അനുവദിക്കുന്നതിന് മറ്റ് തടസ്സങ്ങൾ ഇല്ലന്നും, ഇതുവരെയും ഭവനനിർമ്മാണം തുടങ്ങാത്തവരിൽ നിന്നും, നിർമ്മാണ പുരോഗതിയില്ലാത്തവരിൽ നിന്നും അനുവദിച്ച ധനസഹായം തിരികെ ഈടാക്കാന്നതിനായി കത്ത് നൽകിയിട്ടുണ്ടന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിർമ്മാണം

പൂർത്തീകരിച്ച് വരുന്ന കെട്ടിടങ്ങൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനും, നിർമ്മാണ പുരോഗതിയില്ലാത്ത/ഭവനനിർമ്മാണം ഇതുവരെയും തുടങ്ങാത്തവരിൽ നിന്നും അനുവദിച്ച ധനസഹായം പിഴതുക ഉൾപ്പടെ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-35 കുടുംബാരോഗ്യകേന്ദ്രം : അധിക തസ്തികകളിൽ ജീവനക്കാരുടെ നിയമനം നടത്തി ശമ്പളം നൽകുന്നത് സംബന്ധിച്ച്.

1.

| | |
|---|---|
| പ്രോജക്ട് നമ്പർ | 03/24 |
| പ്രോജക്ടിന്റെ പേര് | ആർദ്രം പദ്ധതി-കുടുംബാരോഗ്യകേന്ദ്രം ജീവനക്കാരുടെ വേതനം. |
| അടങ്കൽ തുക | 21,00,000/- |
| ചെലവ് തുക | 18,89,990/- |
| ഫണ്ട് | വികസനഫണ്ട്(പൊതുവിഭാഗം)-1,10,77,390<br>തനത്ഫണ്ട്-8,12,600 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |

2.

| | |
|---|---|
| പ്രോജക്ട് നമ്പർ | 162/24 |
| പ്രോജക്ടിന്റെ പേര് | ആശുപത്രി ജീവനക്കാരുടെ വേതനം നൽകുന്നത് സംബ. |
| അടങ്കൽ തുക | 3,86,880/- |
| ചെലവ് തുക | 3,42,170/- |
| ഫണ്ട് | തനത്ഫണ്ട് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |

സ.ഉ.(കൈ) നം. 115/2022/LSGD തീയതി 28.05.2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖ.7.6.2 കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ സേവനം ഉച്ചകഴിഞ്ഞും ലഭ്യമാക്കുന്നതിനായി ഒരു ഡോക്ടർ, ഒരു പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരെ നിയമിക്കാവുന്നതാണ്. കൂടാതെ സബ്സിഡി മാർഗ്ഗരേഖ പ്രകാരം കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ഒരു ലാബ് ടെക്നീഷ്യനെയുമാണ് നിയമിക്കാവുന്നത്. ഇതനുസരിച്ച് നേഴ്സ്/ ഫാർമസിസ്റ്റ്/ലാബ് ടെക്നീഷ്യൻ എന്നിവരിൽ ആരെ നിയമിക്കണമെന്ന് ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറുടെ ശിപാർശയുടെ കൂടി അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനതലത്തിൽ തന്നെ തീരുമാനമെടുക്കാവുന്നതാണ്. എന്നാൽ മുകളിൽ ചേർത്തിരിക്കുന്ന പദ്ധതികൾ പ്രകാരം ആനാട് കുടുംബാരോഗ്യകേന്ദ്രത്തിലേയ്ക്ക് ഒരു ഡോക്ടർ (ശമ്പളം 63,700/- രൂപ) രണ്ട് നേഴ്സ് (ശമ്പളം 39,300/- രൂപ വീതം) ഒരു ഫാർമസിസ്റ്റ് ശമ്പളം 35,600/- രൂപ എന്ന രീതിയിൽ ഇവരെ നിയമിച്ച് വേതനം നൽകിവരുന്നു. സബ്സിഡി മാർഗ്ഗരേഖയിലെ ഖ 8.6 പ്രകാരം സർക്കാരിന്റെ പ്രത്യേക അനുമതി കൂടാതെ ശമ്പളമോ ഓണറേറിയമോ നൽകാൻ പാടില്ല. ഇത്തരത്തിൽ സർക്കാർ ഉത്തരവിൽ നിന്ന് വ്യതിചലിച്ച് ജീവനക്കാരെ നിയമിച്ചതിന്റെ സർക്കാർ സാധൂകരണം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണം നം. 33/30.09.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സർക്കാർ അംഗീകാരമില്ലാത്ത തസ്തികകളിൽ, പഞ്ചായത്ത് നിയമനം നടത്തി വേതനം നൽകുന്നത് അടിയന്തിരമായി അവസാനിപ്പിച്ച് തുടർ നടപടി വിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-36 മാലിന്യ നിർമ്മാർജ്ജനം- ഹരിതകർമ്മസേനയിലൂടെ- അവലോകനം

പാരിസ്ഥിതിക നിലവാരം മെച്ചപ്പെടുത്തുക, എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള മലിനീകരണം നിയന്ത്രിക്കുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് 1986 ലെ പരിസ്ഥിതി(സംരക്ഷണ) നിയമം രൂപീകരിച്ചത്. ഈ നിയമത്തിൻ കീഴിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നിരവധി ചട്ടങ്ങൾ പുറപ്പെടുവിക്കപ്പെട്ടിട്ടുണ്ട്. ആയതിൽ പ്രധാനപ്പെട്ടവയാണ് 2016 ലെ ഖരമാലിന്യ ചട്ടങ്ങൾ , 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാന്റ് ലിംഗ്) ചട്ടങ്ങൾ, 2016 ലെ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ, 2016 ലെ ഇ-വേസ്റ്റ്(മാനേജ്മെന്റ്) ചട്ടങ്ങൾ തുടങ്ങിയവ. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219എ മുതൽ 219എക്സ് വരെയുള്ള വകുപ്പുകളിൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള മാർഗ നിർദ്ദേശങ്ങളും വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സുസ്ഥിരമായ മാലിന്യ സംസ്കരണ രീതികൾ പ്രോത്സാഹിപ്പിക്കുക, മാലിന്യ സംസ്കരണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്തുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് 2013 ൽഹരിതകർമ്മ സേന രൂപീകരിച്ചിട്ടുള്ളത്.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഹരിതകർമ്മസേന മുഖാന്തിരവും നേരിട്ടും ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങളുടെയും പ്രസ്തുത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെയും (ഓഡിറ്റ് എൻക്വയറി നമ്പർ 1/25.09.2024 ന് അസിസ്റ്റന്റ് സെക്രട്ടറി ലഭ്യമാക്കിയ മറുപടി)അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

**1)മാലിന്യ ശേഖരണം - ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വിവരങ്ങൾ**

| | | |
|---|---|---|
| 1 | **പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം** | 19 |

| | | |
|---|---|---|
| 2 | **ആകെ ജനസംഖ്യ** | 31687 |
| 3 | **വാസഗൃഹങ്ങളുടെ എണ്ണം** | 8746 |
| 4 | **സ്ഥാപനങ്ങൾ** | 1195 |
| 5 | ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം | 38 |

ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി 19 വാർഡുകളിലായി ആകെ 38 ഹരിതകർമ്മസേന അംഗങ്ങളെയാണ് നിയോഗിച്ചിട്ടുള്ളത്. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഒരു ഇലക്ട്രോണിക് വാഹനം വാങ്ങി നൽകിയിട്ടുണ്ട്. ടി വാഹനം ഹരിതകർമ്മസേനാംഗങ്ങളാണ് ഓടിക്കുന്നത്. ഹരിത കർമ്മസേന അംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം കുടുംബശ്രീ മുഖേന നൽകുന്നു. ഹരിത കർമ്മസേന അംഗങ്ങൾക്കായി ആനാട് ടൗൺ എംസിഎഫ് കെട്ടിടത്തോട് ചേർന്ന് ഒരു റൂം ഓഫീസായി പ്രവർത്തിക്കുന്നുണ്ട്.

Ii)എല്ലാ സ്ഥാപനങ്ങളെയും ഭവനങ്ങളെയും ഉൾപ്പെടുത്താൻ സ്വീകരിച്ച നടപടികൾ

എല്ലാ വീടുകളും സ്ഥാപനങ്ങളും ഉൾപ്പെടുത്തുന്നതിന് ബോധവൽക്കരണം, അറിയിപ്പ് നോട്ടീസ്, നിയമലംഘനം നടത്തുന്നവർക്കുള്ള പിഴ എന്നീ നടപടികൾ സ്വീകരിച്ച് വരുന്നു.

Iii)ഉറവിടത്തിൽ തന്നെ വേർതിരിച്ച് ക്രമീകരിക്കാൻ കഴിയുന്ന മാലിന്യത്തിന്റെ വിശദാംശങ്ങൾ

50% ലെഗസി വേസ്റ്റ് ഒഴികെയുള്ളവ വേർതിരിച്ച് സി.കെ.സി യ്ക്ക് കൈമാറുന്നു. എന്നാൽ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം ക്രമാതീതമായി വർദ്ധിക്കുന്നതിനാൽ ഉറവിടത്തിൽവച്ചുതന്നെ തരംതിരിച്ച് മാറ്റുന്നതിന് കഴിയാതെ വരുന്നു. വീടുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ മിനി എംസിഎഫു കളിലേയ്ക്കും മിനി എംസിഎഫുകളിൽ നിന്നും തരം തിരിച്ച് എംസിഎഫു കളിലേയ്ക്കും മാറ്റുന്നു.

**Iv)പൊതു ഇടങ്ങളിലേയും, ജല സ്ത്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യൽ**

പൊതു ഇടങ്ങളിലേയും, ജല സ്ത്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു(26.04.2023 ലെ G.O. (Rt) No. 922/2023/LSGD). ലെഗസി മാലിന്യങ്ങൾ ശേഖരിച്ച് സി.കെ.സി.എൽ ന് കൈമാറുന്നു. പഞ്ചായത്തിൽ റീസൈക്കിൾ ചെയ്യപ്പെടുന്നില്ല.

**V)മാലിന്യ സംസ്കരണ രീതികളെകുറിച്ച് പൊതുജനങ്ങളെ ബോധവൽകരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച്.**

വീടുകൾ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നേരിട്ട് ബോധവൽകരിക്കുകയും, 2023-24 ൽ ഏകദേശം 20 ന് മുകളിൽ ബോധവൽകരണ ക്ലാസ്സുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. കുടുംബശ്രീ സി.ഡി.എസ് മെമ്പർമാർ മുഖേന അയൽകൂട്ടങ്ങളിൽ ബോധവൽകരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി മീറ്റിംഗുകളിലും ബോധവൽകരണം നടത്തിയിട്ടുണ്ട്. കൂടാതെ എൻഫോഴ്സ്മെന്റ് സ്ക്വോഡുകൾ വീടുകൾ സ്ഥാപനങ്ങൾ എന്നിവ സന്ദർശിച്ച് ബോധവൽകരണം നടത്തിവരുന്നു.

**Vi) ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം ,മാസ വരുമാന വർദ്ധനവിനായി തദ്ദേശസ്വയംഭരണ സ്ഥാപനം സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച്.**

ഓരോ വാർഡിലും രണ്ട് ഹരിതകർമ്മ സേനാംഗങ്ങൾ വച്ച് 19 വാർഡുകളിലായി 38 ഹരിതകർമ്മ സേനാംഗങ്ങൾ ഉണ്ട്.വരുമാന വർദ്ധനവിനായി ഗ്രാമപഞ്ചായത്ത് നൽകിവരുന്ന എല്ലാ സേവനങ്ങൾക്കും യൂസർഫീ കാർഡ് നിർബന്ധമാക്കിയിട്ടുണ്ട്. കുടിശ്ശിക ഉൾപ്പെടെയുള്ള തുക യൂസർഫീ ആയി ഈടാക്കി വരുന്നു.

**Vii)നിരത്തുകളിൽ/പൊതു ഇടങ്ങളിൽ മാലിന്യം തള്ളൽ, നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ ഉപയോഗം എന്നിവയുമായി ബന്ധപ്പെട്ട പരാതികളിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം സബന്ധിച്ച്.**

ഉദ്യാഗതലത്തിൽ ഫീൽഡ് പരിശോധിച്ച് പൊതുയിടങ്ങളിൽ മാലിന്യം തള്ളുകയോ കടകളിൽ നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതായി കണ്ടെത്തുകയോ ചെയ്താൽ നോട്ടീസ് നൽകുകയും നിയമലംഘനം ആവർത്തിക്കുന്നപക്ഷം പിഴ ഈടാക്കുകയും ചെയ്യുന്നു.2023-24 സാമ്പത്തികവർഷം അലക്ഷ്യമായി മാലിന്യം കൈകാര്യം ചെയ്യൽ/നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം എന്നിവയ്ക്കായി 10500/- രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്. കൂടാതെ മാലിന്യം വലിച്ചെറിയുന്നവരെ കണ്ടെത്തുന്നതിനായി 5 ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട് (ചുള്ളിമാനൂർ,പുനവകുന്ന്,താന്നിമൂട്,കൊല്ലംകാവ്,കല്ലിയോട്)

**Viii)മിനിഎം.സി.എഫ്,എം.സി.എഫ്,ആർ.ആർ.എഫ് എന്നിവയുടെ പ്രവർത്തനം**

നിലവിൽ 36മിനി എം.സി.എഫ് സ്ഥാപിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ആര്യനാട് ടൗൺ, ഇര്യനാട് എന്നിവിടങ്ങളിലായി രണ്ട് എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്. ആവശ്യമായ ബെയലിംഗ് മെഷീൻ സ്ഥാപിച്ചിട്ടില്ല. ഓരോ വാർഡിലും ശേഖരിക്കുന്ന അജൈവമാലിന്യം മിനി എം.സി.എഫിൽ നിന്ന് എം.സി.എഫിലേയ്ക്ക് ഹരിതകർമ്മസേനയുടെ വാഹനത്തിൽ മാറ്റുന്നു.നിലവിൽ അജൈവമാലിന്യത്തിന്റെ അളവ് വർദ്ധിച്ചത് കാരണം എം.സി.എഫ് സ്റ്റോറേജ് കുറവാണ്.ആയത് പരിഹരിക്കുന്നതിന് 3000 സ്വയർ ഫീറ്റ് വിസ്തൃതിയിൽ എം.സി.എഫ് നിർമ്മാണത്തിന് 2024-25 വാർഷിക പദ്ധതിയിൽ പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാൻ എല്ലാവർക്കും ഗംബൂട്ട്, ഗ്ലൗസ് എന്നിവ നൽകിയിട്ടുണ്ട്,അഗ്നി സുരക്ഷാ സംവാധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്, സേനാംഗങ്ങൾക്ക് മെഡിക്കൽ ക്യാമ്പ് നടത്തിവരുന്നു.

**Ix) ക്ലീൻ കേരള കമ്പിനി മാലിന്യം ശേഖരിക്കുന്നത് സംബന്ധിച്ച്.**

നിലവിൽ ക്ലീൻ കേരള കമ്പിനി കൃത്യസമയങ്ങളിൽ മാലിന്യങ്ങൾ എം.സി.എഫിൽ നിന്ന് നീക്കം ചെയ്യാറുണ്ട്.

**X) ഹരിതകർമ്മസേന പ്രവർത്തനവുമായി ബന്ധപ്പെട്ട് സേനാംഗങ്ങൾ/ തദ്ദേശസ്വയംഭരണസ്ഥാപനം നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ**

കൃത്യമായി യൂസർ ഫീ നൽകാത്ത കടകളും വീടുകളും നിലവിലുണ്ട്. അജൈവമാലിന്യം ക്രമാതീതമായി വർദ്ധിക്കുന്നതിനാൽ വാർഡുകളിൽ നിന്ന് ശേഖരിക്കുന്ന അജൈവമാലിന്യം ശേഖരിച്ച് വയ്ക്കുന്നതിനുള്ള മിനി എം.സി.എഫുകൾ അപര്യാപ്തമാണ് മാത്രമല്ല പൊതുനിരത്തിന് സൈഡിലും പുറമ്പോക്കിലും മിനി എം.സി.എഫുകൾ സ്ഥാപിക്കുന്നതിനെതിരെ പരിസരവാസികൾ പരാതിനൽകുന്ന സാഹചര്യവും നിലവിലുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ടിന്റെ വിശദാംശം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 0 | 1,00,000 | പാലിയേറ്റീവ് കെയർ 2023-24(2/24) | 1,00,000 | 0 |
| | | | 7,00,000 | 175/24 ലൈഫ് 2020ഭവനനിർമ്മാണം എസ്.സി | 7,00,000 | 0 |
| | | | 13,40,000 | 165/24ലൈഫ് മിഷൻ രണ്ടാം ഘട്ടം ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം (ജനറൽ) | 13,40,000 | 0 |
| | | | 4,20,875 | 35/24 സ്നേഹസ്പർശം (ഭിന്നശേഷി കുട്ടികൾക്ക്സ്കോളർഷിപ്പ്) | 4,20,875 | 0 |
| | | 0 | 76,925 | 46/24 ക്ഷീര സമൃദ്ധി പാലിന് സബ്സിഡി (ജനറൽ) | 76,925 | 0 |
| **ആകെ** | | **6,51,482** | **26,37,800** | | **26,37,800** | **6,51,482** |
| ജില്ലാ പഞ്ചായത്ത് | 2023-24 | 0 | 5,00,000 | 175/24 ലൈഫ് 2020 ഭവന നിർമ്മാണം (എസ്.സി) | 5,00,000 | 0 |
| | | 0 | 60,000 | 167/24 ലൈഫ് ഭൂമിയുള്ള ഭവനരഹിതർക്ക് വീട് (എസ്.സി.പി) | 60,000 | 0 |
| | | 0 | 30,081 | 165/24 ലൈഫ് മിഷന് രണ്ടാം ഘട്ടം ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം (ജനറൽ) | 30,081 | 0 |
| | | 0 | 4,493.75 | 35/24സ്നേഹസ്പർശം (ഭിന്നശേഷി കുട്ടികൾക്ക്) സ്കോളർഷിപ്പ് | 4,49,375 | 0 |
| | | 0 | 4,78,000 | 188/24ലൈഫ് മിഷൻ രണ്ടാം ഘട്ടം എസ്.സി അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം | 4,78,000 | 0 |
| | | 0 | 50,000 | 46/24 46/24 ക്ഷീര സമൃദ്ധി പാലിന് സബ്സിഡി (ജനറൽ) | 50,000 | 0 |

| ആകെ | | 6,76,006 | 15,67,456 | | 15,67,456 | 6,76,006 |
|---|---|---|---|---|---|---|

**വാർഷിക ധനകാര്യ പത്രിക പ്രകാരം**

| ഹെഡ് കോഡ് | ഇനം | മുന്നിരിപ്പ് | വരവ് | ചെലവ്(ചെലവ് പത്രിക പ്രകാരം) | നീക്കിയിരിപ്പ് (B4 ഷെഡ്യൂൾപ്രകാരം ) |
|---|---|---|---|---|---|
| 320700204 | Joint Venture - Revenue Expenditure - Block Panchayath | 651482 | 2637800 | 2637800 | 631482 (Chellen No. KL029842434202324M Dt 06.01.2024 പ്രകാരം 20000/- രൂപ ഇ ട്രഷറി ചെല്ലാൻ മുഖേന തിരിച്ചടച്ചു.) |
| 320700205 | Joint Venture - Revenue Expenditure - District Panchayath | 676006 | 1567456 | 1567456 | 676006 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നല്കിയ തുക | തൻവർഷം ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യ പത്രം പ്രകാരം ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2,88,853 | 2,81,341 | 7,512 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കുഴൽകിണർ നിർമ്മാണം | 3,50,000 | 0 | 3,50,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പാ /വായ്പാതിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC ലോൺ(ലൈഫ് മിഷൻ) | | 39140954 | | 1927101 | 37213853 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി വിവരങ്ങൾ

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/ തീയതി |
|---|---|---|---|---|---|
| 1 | 2021-22 | 1.11 | 2195/- | ലതിക, വടക്കേകോണം അംഗനവാടി വർക്കർ. | 1230102067, 16-09-2023 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം |
|---|---|---|---|
| 2000-01 | 51 | | ഹോളോബ്രിക്ക് നിർമ്മാണം |
| 2001-02 | 45 | | ഹോളോബ്രിക്ക് നിർമ്മാണം |
| 2002-03 | 3-3(ബി) | | ഹോളോബ്രിക്ക് നിർമ്മാണം |
| 2003-04 | 3-1 | | ഹോളോബ്രിക്ക് നിർമ്മാണം |

## 4-8 ചാർജ്ജ് സർചാർജ്ജ്നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | 2,05,43,789 |
| ഓഡിറ്റ് വർഷത്തെ വരവ് | 6,23,22,274 |
| ആകെ | 8,28,66,063 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 5,28,66,669 |
| നീക്കിയിരിപ്പ് | 2,99,99,394 |
| വരവിനങ്ങളുടെ നഷ്ടം | -- |
| ചെലവിനങ്ങളുടെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **9,34,016** |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഇല്ല

**(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 74,493 | ഡോ. സെബ്ബി .വി.ജെ., മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 1-31 | 5,12,000 | (96,000/-) – ശ്രീമതി അശ്വതി .എ. വിജയൻ, വി.ഇ.ഒ. സർക്കിൾ - II<br>(4,16,000/-) – ശ്രീ. അരുൺ നിഗിലി, വി.ഇ.ഒ. സർക്കിൾ - II |
| 1-33 | 3,47,523 | ശ്രീമതി റാണി ചിത്ര എൻ.ആർ, ഹെഡ്മിസ്ട്രസ് യു.പി.എസ്. രാമപുരം |
| **ആകെ** | **9,34,016** | |

(ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. സെബ്ബി .വി.ജെ, മെഡിക്കൽ ഓഫീസർ, ആയുർവേദം | ആനാട് ഗവ.ആയുർവേദ ഡിസ്പെൻസറി | ഉഷസ്, വി.ആർ.എ 50, സി.എസ്.ഐ ചർച്ച്, വിളങ്കമുറിക്ക് പുറകുവശം, നെയ്യാറ്റിൻകര – 695121 |
| ശ്രീമതി റാണി ചിത്ര .എൻ.ആർ, ഹെഡ്മിസ്ട്രസ് | ഗവ. യു.പി.എസ്. രാമപുരം | നന്ദനം, നാഗച്ചേരി, ആനാട്.പി.ഒ |
| ശ്രീ. അരുൺ നിഗിലി, വി.ഇ.ഒ. സർക്കിൾ II | വെമ്പായം ഗ്രാമ പഞ്ചായത്ത് | അരുണോദയം, ടി.സി. 6/844(2),TRA HNo-103(A) മരുതൻകുഴി |
| ശ്രീമതി അശ്വതി .എ. വിജയൻ, വി.ഇ.ഒ. സർക്കിൾ II | അരുവിക്കര ഗ്രാമ പഞ്ചായത്ത് | രോഷ്നി, വിമലപുരം, തച്ചോട്ടുകാവ്, പേയാട്.പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 1 (51) |
| 2001-02 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 1 (45) |
| 2002-03 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 1<br>1 (3-3 (ബി)) |
| 2003-04 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 1 (3-1) |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 1 (3-3) |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 2-1(ബി) |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 1 (3-5) |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 5<br>(2-4, 3-3, 3-4, 3-5, 3-7) |

| | | |
|---|---|---|
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 16<br>(2-1, 2-2, 3-1 മുതൽ<br>3-13 വരെ) |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 3<br>(2-3, 3-4 (1), 3-4 (5)) |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 6<br>(3-1, 3-2, 3-3, 3-6, 3-7, 3-9) |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 13<br>(2-1, 2-2, 3-1, 3-2, 3-3, 3-9,<br>3-9 (Iii), 3-10,<br>3-11, 3-12 (1), 3-12 (2), 3-14, 3-15) |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 4<br>(2-1 (1), 3-6, 3-7 (1), 3-7 (2)) |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/2251/2018 തീയതി. 04.05.2023 | 9<br>2-3,2-7,3-1,3-2,3-3,3-4,<br>3-7,3-9,3-10(1) |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/93/2020 തീയതി. 10.02.2020 | 1-9,1-12,1-13,1-14,1-15,1-16,<br>1-18,1-19,1-20,<br>1-23,1-25,1-26,1-28,<br>1-29,1-30,(1,8,9),1-35,1-38,1-41,1-44)<br>19 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/948/2021 തീയതി. 07.04.2021 | 23<br>1-21,1-4,1-11,1-12,1-13,1-14,<br>1-16,1-17,1-17-2,<br>1-17-3,1-17-5,1-17-6,<br>1-20,1-21,1-22,1-23,1-24,<br>1-25,1-27,1-28,1-29,1-30 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/393/2022 തീയതി. 27.05.2022 | 29<br>1-1,1-2,1-3,1-4,1-5,1-5-2,<br>1-5-3,1-7,1-8,1-10,1-11,<br>1-12,1-13,1-14,1-15,1-16,1-17,<br>1-18,1-19,1-20,1-21,1-22,<br>1-23,1-25,1-26,1-27,<br>1-28,1-29,4-2 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/2142/2022 തീയതി. 13.02.2023 | 21<br>1-2(3,12,13),1-5-1,1-8(2),<br>1-10(6,7),1-12-1,1-13(2,3)1-14,<br>1-17,1-18(1),1-20,1-22,1-23,<br>1-24,1-26,1-29,1-31,1-32,<br>3-1,3-2,4-1,4-2 |
| 2022-23 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1651/2023 തീയതി. 13.12.2023 | 37 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 06-07-2024 and submitted on 19-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Anadu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Anadu Grama Panchayat as on 31-03-2024

**Date: 03/12/2024** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Anadu Grama Panchayat for the Year 2023-2024.

### 1.Major Observations

Bank Book, Bank Statement and Reconciliation Statement of Treasury TSB Account (123) old having a closing balance of Rs. 26,020/- and Treasury old having a closing balance of Rs. 2828/- as shown in RP 40 (b) schedule of R & P account were not made available for verification to check the details of closing and opening balance. The said bank accounts does not exist in the Grama Panchayat.

### 2.Other Observations

1. Notes on Accounts as per rule 62-2(e) of Kerala Panchayat Raj Accounts Rules, 2011 and annual ratios as per rule 62-2(f) have not been prepared and submitted along with the annual financial statements.
2. Schedule B1 containing the adjusted statement of performance for the year has not been submitted with the annual financial statement.
3. Demand entries of tax revenues are not recorded in time on accrual basis.
4. According to the Income and Expenditure Statement, the total income is Rs.182296039 and the total expenditure is Rs.194567121. (Expenditure exceeds income).
5. The grant amounts remaining to be spent as shown in B4 schedule of balance sheet do not match with the balances against the corresponding bank /treasury accounts as shown in B-17 schedule.

6. At the end of the year 2023-24, stock in Grama Panchayat has not been evaluated and included in Annual Financial Statement B-14 Stock in hand (inventories).

7. No monthly reconciliation is made between the ledger balances and the registers relating to that head of account. Neither the ledger balances nor the ledger balances in any of the registers of auction, profession tax and license have been reconciled with respective head of accounts.

8. Provision has not been recorded against all outstanding expenses. Only the arrears of salary of the permanent employees of the Gram Panchayat are included in the Balance Sheet B-9 Schedule.

9. The closing balance of State bank of India E-payment account no.42298825281, as on 31.03.2024 as per bank book is Rs.6,39,269/-.

But as per RP (40 b) and B-17 schedule, the balance is shown Rs. 6,09,102/-.

10. The loan register has not been made available for verification to verify the correctness of secured loans as per b-5 schedule.

11. The demand, collection, balance amounts of property tax as shown in the annual accounts and as per the respective registers do not match with each other.

| Item | Demand (as per register/as per sanchaya) | demand (as per A.F.S) | Collection(as per register/as per sanchaya) | Collection (as per A.F.S) | Balance (As per register/as per A.F.S) | Balance (as per A.F.S) |
|---|---|---|---|---|---|---|
| property tax(Residential) (current) | 2298869 | 2298869 | 2085392 | 2078311 | 208505 | 231116 |
| property tax (Non residential) current | 2876226 | 2876226 | 2746370 | 2753731 | 129348 | 129647 |
| Rent receivables from buildings-current | 277682 | 277682 | 263752 | 268352 | 13890 | 13890 |
| Profession tax -employees | 1285476 | 1285476 | 1285476 | 1249976 | 0 | 0 |

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്